ആയിക്കൂടാ എന്ന് ആലോചിക്കേണ്ടതല്ലേ. ആണ്ടിൽ മൂന്നു ദിവസങ്ങളും ഇന്നയിന്ന ദിവസങ്ങളാണ് നാഷണൽ ഹോളിഡെയ്സ് എന്ന് കൃത്യമായി പ്രഖ്യാപിച്ചാൽ ആ ദിവസങ്ങളിലെ ശമ്പളം തൊഴിലാളികൾക്ക് മറ്റു ആനുകൂല്യങ്ങളും പോലെതന്നെ, ലീവ് വേജസ് എന്നോ അല്ലെങ്കിൽ ബോണസ് എന്നോ പറയുന്ന മറ്റു ആനുകൂല്യങ്ങളും പോലെതന്നെ ഇതിനും ആ രീതിയിൽതന്നെ കൃത്യമായ ഒരു ഉറപ്പു ഈ നിയമംവഴി ഏറെക്കുറെ സാധിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെ ഉണ്ടാകുന്നു എന്ന രീതിയിൽ, ഈ നിയമത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. ഈ കാര്യങ്ങളിൽ ഈ നിയമം അവതരിപ്പിക്കാൻ തയ്യാറായ ലേബർ മന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു.

The question that the Kerala Industrial Establishments (National and Festival Holidays) Amendment Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill, was put and carried.

Clauses 2 and 3 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I move that the Bill may be finally passed.

Minister for Finance **(Sri S. Varadarajan Nair):** Sir, I second it.

The question that the Kerala Industrial Establishments (National and Festival Holidays) Amendment Bill, 1979 be finally passed, was put and carried.

The Bill was finally passed.

(iv) 1979-ലെ കേരളാ പോലീസ് (ഭേദഗതി) ബിൽ

Minister for Finance **(Sri S. Varadarajan Nair):** Sir, I introduce the Kerala Police (Amendment) Bill, 1979.

Mr. Deputy Speaker: The Bill stands introduced.

Minister for Finance **Sri S. Varadarajan Nair:** Sir, I move that the Bill may be taken into consideration.

Minister for Works and Sports **(Sri K. Pankajakshan):** Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സർ, ഇത് ഒരു വകുപ്പിൽ മാത്രമുള്ള ഒരു ഭേദഗതിയാണ്. ഇന്ന് നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് സംജാതമായിട്ടുള്ള ഒരു സ്ഥിതിവിശേഷത്തെ കണക്കിലെടുത്തുകൊണ്ട് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയാണ്. നിർഭാഗ്യവശാൽ പല പ്പോഴും സാമുദായിക സംഘട്ടനങ്ങൾക്ക് വഴി തെളിക്കുകയും, ക്രമസമാധാനനിലതന്നെ വഷളാക്കുകയും ചെയ്യുന്ന പല സംഭവങ്ങളും നമ്മുടെ സംസ്ഥാനത്ത് ഇൻഡ്യയിൽ പൊതുവെ ഉണ്ടായിട്ടുണ്ട്. ഒരു പ്രത്യേക സംഘടന ഇതുവരെയുള്ള സാധാരണ രീതിക്ക് വിപരീതമായി പ്രത്യേക സ്ഥലങ്ങൾ തിരഞ്ഞെടുത്തുകൊണ്ട് ആ സംഘടനയിൽപ്പെട്ട ആളുകൾക്ക് സൈനീകമായ രീതിയിൽ പരിശീലനം കൊടുക്കുകയും റൂട്ട് മാർച്ചുകൾ നടത്തുകയും ചെയ്യുന്നു എന്നുള്ളത് ഇന്നൊരു സാധാരണ സംഭവമായിരിക്കുന്നു. അത് അവരിൽ മാത്രം ഒതുങ്ങി നിന്നിരുന്നെങ്കിൽ പൊതുജന ശ്രദ്ധയെ ആകർഷിക്കുമായിരുന്നില്ല.

പക്ഷേ നിർഭാഗ്യവശാൽ ഈ സൈനിക പരിശീലനം പലപ്പോഴും രാജ്യത്തെ ക്രമസമാധാനനില ഇല്ലാതാക്കുന്നതിനും മറ്റു സംഘടനകളും മറ്റു സമുദായങ്ങളുമായിട്ടുള്ള സംഘട്ടനങ്ങൾക്ക് ഉപയോഗിക്കുന്നു എന്നുള്ളതും ഒരു വസ്തുതയാണ്. ഇത് ആരംഭിച്ച സമയത്തുതന്നെ ഇൻഡ്യയിലെ ആദ്യത്തെ സംസ്ഥാനം എന്നുള്ള നിലയിൽ വേണ്ട നടപടികൾ എടുക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ ഗവൺമെൻറ് പോലീസിന് നൽകിയിരുന്നു. എങ്കിലും നിയമപരമായ വ്യാഖ്യാനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം ശക്തമായ രീതിയിൽ നടപടി എടുക്കുന്നതിന് പോലീസിന് സാധിക്കാതെ വന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് ഏതെങ്കിലുമൊരു സംഘടനയോട് പ്രത്യേകിച്ചോ അല്ലെങ്കിൽ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി ഏതെങ്കിലുമൊരു സംഘടനക്കെതിരായോ ഉപയോഗിക്കാൻ വേണ്ടി അല്ല. നേരെമറിച്ച് ഈ സംസ്ഥാനത്ത് സാമുദായിക സൗഹാർദ്ദം നിലനിൽക്കണമെന്നും രാഷ്ട്രീയമോ അല്ലാത്തതോ ആയ സംഘടനകൾ അവരുടെ അനുയായികൾക്ക് സൈനികമായ പരിശീലനം നടത്തിക്കൊണ്ട് സാമുദായിക സൗഹാർദ്ദം ഇല്ലാതാക്കുന്നതിന് ശ്രമിച്ചാൽ അതിന് ഒരു പ്രതിവിധി എന്നുള്ള നിലയിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ നിയമസഭയ്ക്കകത്തും അനൗപചാരികമായ സമ്മേളനങ്ങളിലും സംസ്ഥാനത്ത് പൊതുവെയും പത്രങ്ങളിലും എല്ലാംതന്നെ ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. അത് തടയേണ്ടതാണെന്നു ഏകകണ്ഠമായ അഭിപ്രായവും വന്നിട്ടുണ്ട്. ഇതിനെയെല്ലാം മാനിച്ചുകൊണ്ടുതന്നെയാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. വളരെ ചർച്ചകൾക്കൊന്നും വകയില്ലാതെ ഏതാണ്ട് ഏകകണ്ഠമായ അഭിപ്രായത്തെ മാനിച്ചുകൊണ്ട്, ഈ നിയമസഭയിലെ രാഷ്ട്രീയ കക്ഷികളുടെ നേതാക്കൻമാരുടെ ഏകകണ്ഠമായ അഭിപ്രായം മാനിച്ചുകൊണ്ടുതന്നെ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി ബിൽ പാസ്സാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. സേവ്യർ അറയ്ക്കൽ: സർ, എന്റെ ഭേദഗതി മൂവു
12 noon] ചെയ്യുകയാണ്. Sir, I move that the Kerala Police (Amendment) Bill, 1979 be circulated for eliciting public opinion till 30-12-1979.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇതിൽ പ്രത്യേകമായിട്ട പല കാരണങ്ങളും ഉണ്ട്. ഒന്ന്, ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ളതാണ്. രണ്ട്, എന്താണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പൊതുജനങ്ങളെ പറഞ്ഞു മനസ്സിലാക്കുന്നതിനും അവരെ ബോധവാൻമാരാക്കുന്നതിനും വേണ്ടിയാണ്. മൂന്നാമത്, ഈ ബില്ലിന്റെ കഴിഞ്ഞകാലങ്ങളിലുള്ള കഴിവുകേടിനെ ചൂണ്ടിക്കാണിക്കുന്നതിനാണ്. ഇന്ന് രാവിലെതന്നെ ഒരു അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവരികയുണ്ടായി. എന്തു സംഭവിച്ചു എന്ന് ഈ സഭയെ അവതാരകൻ ധരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഇത് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്, സാമുദായിക സംഘട്ടനങ്ങളും ഒഴിച്ചുനിർത്തുന്നതിനു വേണ്ടിയിട്ടാണ് എന്നാണ്. ഞാൻ അതിന് ഒരു പടികൂടി കടന്നു പറയാൻ ആഗ്രഹിക്കുകയാണ്. സാമുദായികമായിട്ടല്ല അല്ലാതെതന്നെ ഇന്ന് നമ്മുടെ സംസ്ഥാനത്ത് സംഘടിതമായിട്ട് അക്രമങ്ങളും നടക്കുന്നുണ്ട്. 21 (എ)-ൽ പ്രത്യേകിച്ച് പറഞ്ഞത് (ഇ.) individuals with arms or the carrying of arms in any procession. ആ വാക്കുകളെ മാത്രം സൂചിപ്പിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇന്നലെ അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ട് സഖാവ് കൃഷ്ണൻ പ്രസംഗിക്കുകയുണ്ടായി. എന്തോ നടന്നു എന്ന് അദ്ദേഹം പറഞ്ഞു, കോലം വച്ചുകൊണ്ട്, ജാഥകളും നടത്തിക്കൊണ്ട്, മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ട്, അന്തരീക്ഷത്തിൽ ഭീഷണി മുഴക്കിക്കൊണ്ട് ജാഥകളും നടത്തിയെന്ന്. അതിൽ എന്താണ് തെറ്റ് എന്ന് ചോദിച്ചു. നമ്മുടെ സംസ്ഥാനത്ത് ഇന്ന് സംജാതമായിരിക്കുന്ന രാഷ്ട്രീയ സംഭവവികാസങ്ങളുടെ ധ്വനി മാത്രമാണ് അത്. അത് നടത്തിക്കൂടെ എന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. കഴിഞ്ഞ സമ്മേളനത്തിൽ സഖാവ് രാഘവൻ പറഞ്ഞത് എന്റെ ഓർമ്മയിൽ വരികയാണ്. സാമുദായികമായിട്ടല്ലാതെതന്നെ ആർ. എസ്. എസ്സി.നെ നിരോധിക്കണമെന്ന്, അവർ നടത്തിയിട്ടുള്ള കൊലപാതകങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഈ സംസ്ഥാനത്തുള്ള ഏറ്റവും വലിയ ഭീഷണിയാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്, ഞങ്ങൾ വേണ്ടിവന്നാൽ ആയുധമെടുത്ത് പൊരുതുമെന്ന്. ആ ശബ്ദം ഇന്നും ഈ സഭയിലുണ്ട്. അതുതന്നെയാണ് ഞങ്ങൾക്ക് പറയാനുള്ളത്, ഈ സംസ്ഥാനത്തെ ഏകഭീഷണിയല്ല—ഒരു ഭീഷണിയെന്ന്. സംഘടിതമായി ആയുധമെടുത്തുകൊണ്ട് തെരുവിൽ വച്ച്, വേണ്ടിവന്നാൽ യുദ്ധം നടത്തുമെന്ന് ഈ സഭയിൽ പറയുകയുണ്ടായി. അതാണ് വരാൻ പോകുന്ന കാലഘട്ടങ്ങളിൽ നമ്മുടെ സംസ്ഥാനത്തിന്, നമ്മുടെ ഗവൺമെൻറിന് അഭിമുഖീകരിക്കേണ്ടി വരുന്നതെങ്കിൽ സഹതപിക്കുക മാത്രമല്ല അതിലേറെ കുണ്ഠിതമുണ്ട് ഞങ്ങൾക്കെല്ലാപേർക്കും. അങ്ങനെ ഒരു രാഷ്ട്രീയ അക്രമപ്രസ്ഥാനത്തെ നിയന്ത്രിക്കുന്നതിനും സാമുദായിക സംഘട്ടനങ്ങളും ഒഴിവാക്കുന്നതിനും വേണ്ടി ഈ നിയമം കർശനമായി നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നേരത്തെ സൂചിപ്പിച്ച വിധത്തിൽ നിയമം ഉണ്ടാക്കി നടപ്പാക്കുന്നതിന് മുൻപ് പ്രാഥമികമായിട്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ഈ ബില്ലിന്റെ പശ്ചാത്തലത്തെക്കുറിച്ചും ഈ രാജ്യത്ത് രാഷ്ട്രീയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപ്രസക്തമായ ശക്തികളെക്കുറിച്ചും പറഞ്ഞ് ബോധവാൻമാരാക്കേണ്ടതുണ്ട്.

പഞ്ചായത്ത്–മുൻസിപ്പാലിറ്റി തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം എന്തുനടന്നു, നടക്കുന്നുവെന്ന് എല്ലാദിവസവും പത്രങ്ങളിൽ കാണുന്ന വാർത്തകളാണ്. അങ്ങനെയുള്ള രാഷ്ട്രീയ പ്രവണതയെ പെറുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് വേണ്ടിയിട്ട് ഇങ്ങനെയുള്ള നിയമങ്ങളും കർശനമായി നടപ്പിലാക്കണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ഇത് പറയുമ്പോൾ ഐ. പി. സി. യിലും മറ്റുള്ള നിയമങ്ങളിലും ഇതിനുള്ള വകുപ്പുകളും ഇല്ലേയെന്ന ചോദ്യത്തിന് വകുപ്പുകളുടെ അപാകത മാത്രമല്ല അത് കർശനമായി നടപ്പാക്കുന്നതിലുള്ള അപാകതയാണ് ഇന്ന് ഇവിടെയുള്ളത്. അതാണ് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നത്. ഇവയെല്ലാം തരണം ചെയ്തു മുൻപോട്ട് പോകണമെങ്കിൽ അതിന് കരുത്തുള്ള, കഴിവുള്ള ഒരു ഭരണകൂടം നമ്മുടെ നാട്ടിൽ വേണ്ടിയിരിക്കുന്നു. പൊതുജനങ്ങൾക്ക് പറയാനുള്ളത്, ഇവിടത്തെ എല്ലാ രാഷ്ട്രീയക്കാരും സമ്മതിക്കുന്നതാണ്, ഇവിടെ അതിനുള്ള ഭരണകൂടമില്ല; അതിന്റെ അപാകതയാണ് ഉള്ളതെന്ന്. ഇതെല്ലാം ഈ സമയത്ത് എന്തിന് പറയുന്നുവെന്ന് ചോദിക്കുമായിരിക്കാം. സർ, സംസ്ഥാനത്ത് പൊതുജനങ്ങളുടെ ഇടയിൽ ഇറങ്ങിനടക്കുമ്പോൾ, പ്രവർത്തിക്കുമ്പോൾ ഞങ്ങളോട് ചോദിക്കുന്നത് സ്വത്തിനും ജീവനും ഈ സംസ്ഥാനത്ത് എന്തെങ്കിലും വില കൽപ്പിക്കുന്നോ ഈ സർക്കാർ എന്നാണ്. അത് വലിയൊരു ചോദ്യമാണ്. ഈ ഗവൺമെന്റിന്റെ പ്രാഥമിക കടമ എന്ന നിലക്ക് സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ടതുണ്ട്. സംഘടിതമായിട്ട് ഒരു വിഭാഗം ജനങ്ങൾ ആലോചിച്ച് പ്രവർത്തിച്ചാൽ അവയെ തിരുമാറാക്കാൻ നിഷ്പ്രയാസം സാധിക്കുമെന്നുള്ളതിന് കഴിഞ്ഞകാല അനുഭവങ്ങൾ ഉണ്ട്. അതുകൊണ്ടാണ് ഞാൻ പ്രത്യേകിച്ച് ഈ 21 (എ) യെക്കുറിച്ച് പറഞ്ഞത്. Prohibit mass training with arms or the carrying of arms in any procession എന്ന്. ജാഥകൾ നടത്തുമ്പോൾ അത് അക്രമപ്രസക്തങ്ങളാകുന്നുണ്ട്. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിരുന്നാൽ ജാഥയായി പോയിട്ട് ആക്രമിക്കുക എന്നുള്ളതാണ് സർവ്വസാധാരണമായി തീർന്നിരിക്കുകയാണ്. ഇവയെ കണക്കിലെടുത്തുകൊണ്ട് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനു വേണ്ടിയിട്ട് നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയ പേരികൾ എങ്ങോട്ട് പോകുന്നു എന്നതിനെ ചൂണ്ടിക്കാണിക്കാൻ വേണ്ടിയിട്ട് ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, കേരള പോലീസ് അമെൻറ്മെൻറ് ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഇന്ന് ഈ രാജ്യത്ത് വളർന്നുവരുന്ന ചില അക്രമശക്തികളെ ചെറുക്കാൻ ഒരതിർത്തിയോളം ഇത് സഹായകമാകുമെങ്കിൽ ഇത് സ്വാഗതാർഹമാണ് എന്നാണ് എനിക്കു പറയാനുള്ളത്. ഞാൻ ഉദ്ദേശിക്കുന്നത് ആർ.എസ്.എസ്. പോലുള്ള സായുധസംഘടനകളെയാണ്. അത് കേരളത്തിൽ മാത്രമല്ല ഇൻഡ്യയിൽതന്നെ ഒരു പ്രധാനവിഷയമായി മാറിയിരിക്കുകയാണ്. ഈ ബില്ലിൽ തീർച്ചയായും ഡ്രില്ലും ലാത്തിയെടുത്ത് അതല്ലെങ്കിൽ കഠാരയെടുത്ത് മറ്റ് ആയുധങ്ങളെടുത്ത് നടത്തുന്ന എല്ലാ പ്രകടനങ്ങളും നിരോധിക്കാം എന്നു വ്യവസ്ഥ ചെയ്യുന്നു. അതുകൊണ്ടുമാത്രം ഈ സായുധസംഘടനകളുടെ ആയുധ പരിശീലനങ്ങൾ പൂർണ്ണമായി തടയാൻ സാധിക്കുമെന്ന് വിചാരിക്കുന്നില്ല. ഒരതിർത്തിയോളം അത് സാധിക്കുമെങ്കിൽ അത് നല്ലതാണ്. ആദ്യമായി ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഇൻഡ്യാ രാജ്യത്ത് കഴിഞ്ഞ രണ്ടരക്കൊല്ലം, പ്രത്യേകിച്ചും ജനതാഗവൺമെൻറിന്റെ തണലിൽ ആർ.എസ്.എസ്. ശക്തിപ്പെട്ടിരുന്നു. അത് ഈ രാജ്യത്തിന് വിപത്താണ്. പക്ഷെ പലപ്പോഴും ഈ കഴിഞ്ഞ രണ്ടരക്കൊല്ലംതന്നെ—ഞങ്ങൾ ആ കാര്യം ജനതാഗവൺമെൻറിനോട് താക്കീതു ചെയ്തതാണ്. ജനതാഗവൺമെൻറ് അടിയന്തിരാവസ്ഥ എടുത്തുകളഞ്ഞതിനെയും മിസ, പ്രസ്സെൻസർഷിപ്പ് അതുപോലുള്ള കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് ചെയ്ത നടപടികളെയും ജനാധിപത്യാവകാശങ്ങളും നിഷേധിക്കുന്ന കരിനിയമങ്ങളും നീക്കം ചെയ്തതിനെയും ഞങ്ങളും സ്വാഗതം ചെയ്യുകയും അതോടൊപ്പം ജനസംഘം, ആർ.എസ്.എസ്. ശക്തികളും വളർന്നുവരുന്നതിനെ താക്കീതു ചെയ്യുകയും ചെയ്തിരുന്നു. ഈ കേരളത്തിലെ ഗവൺമെൻറും ആർ.എസ്.എസ്.-നെ ചെറുക്കുന്നതിൽ ഫലപ്രദമായ പങ്ക് വഹിക്കണമെന്നു ഞങ്ങളും പലപ്പോഴും പറഞ്ഞതാണ്. കേരളത്തിൽ ഒരുപക്ഷേ ന്യൂനപക്ഷസമുദായത്തിന് വലിയ ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നിട്ടില്ലായിരിക്കാം, അത് കേരളത്തിലായതുകൊണ്ടാണ്. തൊഴിലാളിപ്രസ്ഥാനത്തിൻെറയും അതുപോലെതന്നെ പുരോഗമന ജനാധിപത്യപ്രസ്ഥാനത്തിൻെറയും ശക്തികേന്ദ്രമാണ് കേരളം എന്നതുകൊണ്ട് കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങൾക്ക് അധികം ബുദ്ധിമുട്ടുകളും ഉണ്ടായിട്ടില്ല. അങ്ങിങ്ങായിനടന്ന ചില സംഭവങ്ങളും മറന്നുകൊണ്ടല്ല ഞാനിതു പറയുന്നത്. പക്ഷെ ഇക്കഴിഞ്ഞ രണ്ടു സംഭവങ്ങളും പരിശോധിക്കാം; അലിഗറിൽ നടന്നത് അല്ലെങ്കിൽ കഴിഞ്ഞ മേയ്മാസം 17-ാം തീയതി മുതൽ ജാംഷഡ്പ്പൂരിൽ നടന്നത്. ഇതെല്ലാം ആർ.എസ്.എസ്.-നെപ്പറ്റി ചിന്തിക്കുമ്പോൾ എൻെറ ഓർമ്മയിൽ ഉയർന്നുവരുന്നു. നൂറിൽപ്പരം ആളുകളാണ് മേയ്മാസത്തിൽ നടന്ന കലാപത്തിൽ മരിച്ചത് എന്നാണ് സർക്കാരിൻെറ കണക്ക്. അവിടെപോയ ജനതാപാർട്ടിയുടെ പാർലമെൻറ് മെമ്പർമാർ പറഞ്ഞത്, ജാംഷഡ്പൂരിൻെറ തെരുവുകളിൽ വീണുകിടന്ന അഞ്ഞൂറിൽപ്പരം ശവങ്ങളും അവർ എണ്ണി എന്നാണ്. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ക്രൂരതയാണ് അവിടെ ന്യൂനപക്ഷത്തിനെതിരായിട്ട് നടത്തിയത്. അതുപോലെതന്നെ അലിഗറിൽ രണ്ടുമൂന്നു പ്രാവശ്യമായി നടന്ന കലാപങ്ങളിൽ നൂറിൽപ്പരം ആളുകളും മരിക്കേണ്ടതായി വന്നിട്ടുണ്ട്. ലക്ഷത്തിൽപ്പരം രൂപയുടെ നാശനഷ്ടങ്ങളും ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്. ജാംഷഡ്പൂരിൽ മേയ്മാസം നടന്ന കലാപം അവിടംകൊണ്ടും അവസാനിച്ചിട്ടില്ല. അതിനെതുടർന്ന് ജാംഷഡ്പൂരിൽതന്നെ രണ്ടുമൂന്നു ആഴ്ചയ്ക്കു മുൻപ് വീണ്ടും കലാപം ഉണ്ടായി. ഇൻഡ്യയിൽ കഴിഞ്ഞ കുറെക്കാലത്തെ സ്ഥിതിഗതികളും പരിശോധിക്കുമ്പോൾ നൂറോളം സ്ഥലങ്ങളിൽ ഈ ആർ.എസ്.എസ്.-ൻെറ സംഘടന ഇളക്കിവിട്ടിട്ടുള്ള വർഗ്ഗീയ കലാപങ്ങളും കാണാൻകഴിയും. ന്യൂനപക്ഷസമുദായത്തിലെ മുസ്ലീമോ ക്രിസ്ത്യാനികളോ, അതുപോലുള്ള ന്യൂനപക്ഷസമുദായത്തിൽപ്പെട്ട മറ്റുള്ള ആളുകളോ നൂറുകണക്കിനു മരിക്കേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ആർ.എസ്.എസ്. എന്നു പറയുന്നത് ഈ രാജ്യത്തിനു ഒരു ശാപമാണെന്ന്. സ്വാതന്ത്ര്യത്തിനു മുൻപും അതിനുശേഷവും ജനസംഘവും ആർ.എസ്.എസും. എന്തു ചെയ്തു? സ്വതന്ത്ര ഇൻഡ്യയിൽ നമ്മുടെ ആർ.എസ്.എസ്. എന്നു കേട്ടത് രാഷ്ട്രപിതാവെന്ന് നമ്മളെല്ലാം അഭിമാനിക്കുന്ന മഹാത്മാഗാന്ധിയെ വെടിവച്ചു കൊന്നപ്പോഴാണ്. അങ്ങനെയാണ് അതിൻെറ ക്രൂരചരിത്രം ആരംഭിക്കുന്നത്. മഹാത്മാഗാന്ധി ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് നമുക്കറിയാം. മഹാത്മാഗാന്ധി കുറ്റംവല്ലതും ചെയ്തിട്ടുണ്ടെങ്കിൽ, ഇൻഡ്യ വിഭജിച്ചപ്പോൾ ആ വിഭജിക്കപ്പെട്ട പ്രദേശത്തിൽ പാകിസ്ഥാനിലെ ഹിന്ദുക്കളും ഇൻഡ്യയിലെ മുസ്ലീങ്ങളും അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചും അവർ പരസ്പരം കഴുത്തറുക്കുന്നത് അവസാനിപ്പിക്കണമെന്നും പറഞ്ഞതാണ്. ആ മനുഷ്യസ്നേഹിയെ വെടിവച്ചുകൊല്ലാൻപോലും തയ്യാറായ ഒരു ഗൂഢസംഘമാണ് ആർ.എസ്.എസ്. എന്നാണ് 1948 മുതലുള്ള സംഭവങ്ങൾ തെളിയിക്കുന്നത്. പക്ഷെ അത് വീണ്ടും ഇൻഡ്യയിൽ മുഴുവനും ശക്തിപ്പെടുകയാണ്. അതാണ് അലിഗർ, അതാണ് ജാംഷഡ്പൂർ, അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിൽ പത്തുനൂറു സ്ഥലങ്ങളിൽ ഉണ്ടായത്. ഈയിടെ ബാല സാഹിബ് ദേവരശ് ഒരുകാര്യം തുറന്നുപറഞ്ഞു, അയാൾ പറഞ്ഞത് തെറ്റായിപ്പോയിയെന്ന് പിന്നീട് മനസിലാക്കിയെങ്കിലും അദ്ദേഹത്തിന്റെ ഉള്ളിലിരിപ്പ് പുറത്താക്കിയ പത്രക്കാരുമായിത്തന്നെ കുഴപ്പത്തിലാണ്. ടേപ്പ്റിക്കാർഡ് കാണിച്ചുതരാമെന്നു പറഞ്ഞെങ്കിലും പിന്നീട് അത് കുഴപ്പത്തിലായി. ശ്രീ. ദേവരശ് പറഞ്ഞത് പത്തുകൊല്ലംകൊണ്ട് ആർ.എസ്.എസ്. അധികാരത്തിൽ എത്തുമെന്നാണ്. ആർ.എസ്.എസ്. ഒരു സാമൂഹ്യ സംഘടനയാണ്, ജനസേവനത്തിനുള്ള സംഘടനയാണ്, അതിൽ രാഷ്ട്രീയമില്ല എന്നു പറഞ്ഞ അതേ നാക്കിൽകൂടി തന്റെ മനസിലിരിപ്പ് രഹസ്യയോഗത്തിൽ വെളിപ്പെടുത്തപ്പെട്ടു. പത്രത്തിൽവന്നത് നിഷേധിച്ചുവെങ്കിലും ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടില്ല, ടേപ്പ് കാണിച്ചുതരാമെന്നു പത്രക്കാരോട് പറഞ്ഞുവെങ്കിലും പത്രക്കാർ വിളിച്ചപ്പോൾ ടേപ്പ് കണ്ടില്ല എന്നു പറഞ്ഞു. അതുകൊണ്ട് ആ ദുഷ്ടചിന്ത പുറത്തുവന്നു. ആ ആർ.എസ്.എസ്., കേരളത്തിലുള്ള ഞങ്ങളുടെ പാർട്ടിയിലെ ഒൻപതു ആളുകളെ തലശ്ശേരിയിലെ തെരുവുകളിൽ കൊന്നൊടുക്കി. അതിനെപ്പറ്റിയെല്ലാം ഞാൻ മുൻപ് പറഞ്ഞതാണ്. ഞാൻ നേരത്തേ പറഞ്ഞു ആർ.എസ്.എസ്.–നു കേരളത്തിൽ ന്യൂനപക്ഷസമുദായക്കാരെ അധികം ദ്രോഹിക്കാൻ കഴിഞ്ഞിട്ടില്ല എന്ന്. തലശ്ശേരിയിൽ, 1971 ഡിസംബറിൽ അവിടെ ന്യൂനപക്ഷത്തിന് എതിരായി അക്രമങ്ങൾ ആരംഭിച്ചുവെങ്കിലും അവിടെ തൊഴിലാളി പ്രസ്ഥാനം ഉള്ളതുകൊണ്ടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉള്ളതുകൊണ്ടും അതിനെ ചെറുത്തു തോൽപ്പിക്കാൻ കഴിഞ്ഞു. ശ്രീ. യു. കെ. കുഞ്ഞിരാമനെപ്പോലുള്ള ധീരൻമാർ അവിടെ രക്തസാക്ഷികളായിട്ടുണ്ട്. പക്ഷെ ന്യൂനപക്ഷം മരിക്കേണ്ടിവന്നിട്ടില്ല. കാരണം ചുവന്ന കൊടിക്ക് ശക്തിയുള്ളതുകൊണ്ടുതന്നെ. അതുപോലെതന്നെ തലശ്ശേരിയിൽ വർഗ്ഗീയത കുത്തിയിളക്കാൻ ശ്രമിച്ചപ്പോൾ അതിനെ ചെറുത്തുകൊണ്ട് 9 മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ മരിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ ഞങ്ങൾ മരിച്ചിട്ടുണ്ടെങ്കിലും ഞങ്ങളുടെ ധീരരും ഉശിരരുമായ സഖാക്കൾ ജീവൻ ബലിയർപ്പിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും ഒരൊറ്റ ന്യൂനപക്ഷ സമുദായക്കാരനെപോലും കശാപ്പുചെയ്യാൻ ഈ റൗഡികൾക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളതിൽ എന്റെ പാർട്ടിക്ക് അഭിമാനമുണ്ട് ഞങ്ങൾ അതിൽ അഭിമാനിക്കുന്നു. ആ സന്ദർഭത്തിൽ ഞാൻ പറഞ്ഞ ഒരു വാചകം എന്റെ സുഹൃത്ത് ഇപ്പോൾ ഓർമ്മിപ്പിച്ചു. ഈ രാജ്യത്ത് ആർ.എസ്.എസ്. എന്ന ദുഷ്ടശക്തി അഴിച്ചുവിടുന്ന അക്രമങ്ങളെ ചെറുക്കാൻ ഇവിടെ പോലീസിന് സാധിക്കുന്നില്ല, നിരപരാധികളും നിസ്സഹായരുമായ ഞങ്ങൾ മരിച്ചുവീഴണം, എന്തിന്, ഈ വർഗ്ഗീയതയെ എതിർത്തതുകൊണ്ട് എന്നു വരികയാണെങ്കിൽ സ്വയം സംഘടിക്കാൻ ആയുധമെടുക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ടെന്നാണ് അന്നു പറഞ്ഞത്. അത് ക്രിമിനൽ പ്രൊസീഡിയർ കോഡനുസരിച്ചുതന്നെ സ്വയം രക്ഷക്കുവേണ്ടി ചിലപ്പോൾ ചിലതു ചെയ്യേണ്ടിവരും. അതാണ് അന്ന് ഞാൻ പറഞ്ഞത്. നമ്മൾ നടത്തിയ ചർച്ചയുടേയും മറ്റും ഫലമായി ഈ ഡ്രിൽ നിരോധിക്കുന്ന, ആയുധമെടുത്തുകൊണ്ടുള്ള പ്രകടനങ്ങൾ നിരോധിക്കുന്ന നിയമം മന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. അതു എത്രത്തോളം ഇതുകൊണ്ടു സാധിക്കുമെന്നല്ല, തീർച്ചയായും ഇതിനെതിരായി പൊരുതാൻ എന്റെ സ്നേഹിതൻ തയ്യാറുണ്ടോ എന്നുള്ളതാണ്. അതല്ല, അവരുമായി ഒരു ഒത്തുതീർപ്പിന് അവസാനം ഇന്ദിരാഗാന്ധി തയ്യാറാകുമോ എന്ന ബലമായ സംശയമാണ് ഞങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ഇപ്പോൾ പറഞ്ഞിട്ടുള്ളത് ഒത്തുതീർപ്പാകരുതെന്നാണ്. എനിക്ക് പറയാനുള്ളതും ഒത്തുതീർപ്പാകരുതെന്നാണ്. ഒത്തുതീർപ്പായിട്ടുള്ളതിന്റെ ഫലം ജനതാപാർട്ടി അനുഭവിച്ചു. വാസ്തവം എടുത്തതിന്റെ ഫലം ഇന്ദിരാ കോൺഗ്രസും അനുഭവിച്ചു. ജനതാ ഞങ്ങളുടെകൂടെ കൂടിയതിൽ ബഹുമാനപ്പെട്ട ഗംഗാധരന് ബുദ്ധിമുട്ടാകേണ്ട. വടക്കു സൂര്യൻ ഉദിക്കും, കിഴക്കും സൂര്യൻ ഉദിക്കും. അതു നിങ്ങൾക്ക് ബുദ്ധിമുട്ടാകേണ്ട. ഈ രാജ്യത്ത് ഇന്ദിരാഗാന്ധിയും മകൻ സഞ്ജയനുംകൂടി നടത്തിയ അഴിമതികളെ സംബന്ധിച്ചുള്ള ഗുപ്താ കമ്മീഷൻ റിപ്പോർട്ട് നിലവിൽ വന്നിട്ടുണ്ട്. 21 കോടി രൂപയുടെ മാരുതി കമ്പനിയാണ്. എവിടന്നു കിട്ടി ഈ ചെറുക്കനു് ഈ പണം? ഈ രാജ്യത്ത് അടിയന്തിരാവസ്ഥ ഉപയോഗിച്ച് കള്ളക്കടത്തുകാരന്റേയും കരിഞ്ചന്തക്കാരന്റേയും പണം പിടുങ്ങി, അതാണ് ഗുപ്താ കമ്മീഷൻ പറയുന്നത്. കട്ടുതിന്നു നടന്നിട്ട് അതിനെ എതിർക്കുന്നവർ പത്രത്തിൽ എന്തെങ്കിലും എഴുതിയാൽ ഉടനെ പ്രസ് സെൻസർഷിപ്പ്, അതിനെ എതിർക്കുന്ന എന്നെപ്പോലുള്ള രാഷ്ട്രീയപ്രവർത്തകരെ പിടിച്ച് മിസപ്രകാരം ജയിലിൽ വയ്ക്കുക, പൊതുയോഗം ചേർന്നുകൂടാ, അതിനെ എതിർക്കുന്നവർക്ക് പ്രകടനം നടത്തിക്കൂടാ. ഇവിടെ അടിയന്തിരാവസ്ഥയിൽ ഉണ്ടായത് എന്തൊക്കെയാണ്? പിന്നെയും അതൊക്കെ ഗംഗാധരൻ എന്നെ ഓർമ്മപ്പെടുത്തണമോ? ഇന്ദിരായേ നമഃ, സഞ്ജയേ നമഃ ഈ രണ്ടു നാമമല്ലാതെ വേറൊന്നും പാടിക്കൂടാ പത്രത്തിലും പൊതുവേദിയിലും. അതിനെ ചെറുക്കാൻ ജനതാപാർട്ടിയല്ല ആരു ചെറുത്താലും എന്റെ പാർട്ടി യോജിക്കുമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്, അതിനെ ചെറുത്തിട്ടുണ്ട്. ജനങ്ങളുടെ ശക്തികൊണ്ട് നിങ്ങളെ ചവുട്ടി പുറത്താക്കിയിട്ടുണ്ട്. അതുപോലെ ഇന്ദിരാഗാന്ധിയുടെ ഭരണത്തേയും. അതാണ് ചരിത്രപരമായ സത്യം. ആ സത്യം മറച്ചുവയ്ക്കേണ്ട. അതാണ് ഞാൻ പ്രസംഗം തുടങ്ങുമ്പോൾ പറഞ്ഞത്, ജനതാപാർട്ടിയുമായി ഞങ്ങൾ യോജിച്ചിട്ടുണ്ടെന്ന്. ജനതാപാർട്ടി ചില കാര്യങ്ങൾ ചെയ്തപ്പോൾ ഞങ്ങൾ അനുകൂലിച്ചിട്ടുണ്ട്, ഞങ്ങൾക്ക് അതിൽ അഭിമാനമുണ്ട്; യാതൊരു ലജ്ജയുമില്ല. ഈ രാജ്യത്ത് അടിയന്തിരാവസ്ഥ മൊറാർജി ദേശായി പിൻവലിച്ചതിനെ എന്റെ പാർട്ടി സ്വാഗതം ചെയ്തിട്ടുണ്ട്; ഈ രാജ്യത്ത് മിസ പിൻവലിച്ചതിനെ എന്റെ പാർട്ടി സ്വാഗതം ചെയ്തിട്ടുണ്ട്, ഈ രാജ്യത്ത് പ്രസ് സെൻസർഷിപ്പ് മൊറാർജി ദേശായി പിൻവലിച്ചതിനെ എന്റെ പാർട്ടി സ്വാഗതം ചെയ്തിട്ടുണ്ട്, ഈ രാജ്യത്ത് 42-ാം ഭരണഘടനാ ഭേദഗതി ഞങ്ങൾ ഉദ്ദേശിക്കുന്ന രീതിയിലല്ലെങ്കിലും അത് റദ്ദ് ചെയ്തതിനെ എന്റെ പാർട്ടി സ്വാഗതം ചെയ്തിട്ടുണ്ട്. പക്ഷേ ഇവിടെ വിലക്കയറ്റം ഉണ്ടായതിൽ ഞങ്ങൾ ഇല്ല. ഇൻഡസ്ട്രിയൽ റിലേഷൻസ് ബിൽ എന്നു പറഞ്ഞ് ഇവിടെ പണിമുടക്കാൻ പാടില്ലെന്നു പറഞ്ഞപ്പോൾ ഞങ്ങൾ അതിനെ എതിർത്തിട്ടുണ്ട്. അതു ഇന്ദിരാഗാന്ധിയുടെ പരിപാടിയാണ്. അതുപോലെതന്നെ ഈ രാജ്യത്ത് ജനങ്ങളെ ദ്രോഹിക്കുന്ന എല്ലാ നടപടികളെയും ജനതാപാർട്ടി കൊണ്ടുവന്നപ്പോൾ ഞങ്ങൾ എതിർത്തിട്ടുണ്ട്, അതാണ് ജനതാപാർട്ടിയോടുള്ള ഞങ്ങളുടെ സമീപനം. ആർ.എസ്.എസ്.-നെ ശക്തിപ്പെടുത്തുമ്പോൾ ജനതാപാർട്ടിയെ ഞങ്ങൾ താക്കീതു ചെയ്തിട്ടുണ്ട്. എർ.എസ്.എസ്.-നെ ഉപയോഗിച്ച് മൊറാർജി ദേശായിക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ലെന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ആർ.എസ്.എസ്.-നെ ഉപയോഗിച്ച് മൊറാർജി ദേശായി മുന്നോട്ടുപോകാൻ ശ്രമിച്ചപ്പോൾ അയാൾ വീണു. അതുപോലെ ആർ.എസ്.എസ്സിനെതിരായ ശക്തികൾ ജനതാപാർട്ടിയിലും ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ചരൺസിംഗിനെയും രാജ്നാരായണനെയും ഞങ്ങൾ അനുകൂലിക്കുന്നത്. കേരളത്തിലും ജനതാപാർട്ടി ആർ.എസ്.എസ്സിനെ

LIBRARY ARCHIVES Kerala Legislative Assembly.

എതിർക്കുമെന്നു പറഞ്ഞിട്ടില്ലേ? അത്രയും നല്ലതല്ലേ? എന്നാൽ അതു മാത്രമാകുമോ? പക്ഷേ ആർ.എസ്.എസ്. ജനതയിൽ അല്ലേ വരിക? അപ്പുറം ആർ.എസ്.എസ്സും ഇപ്പുറം ആർ.എസ്.എസ്സും ഇല്ലെന്നു പറഞ്ഞാൽ ആകുമോ, അതും ആകുകയില്ല. ഇനിയും ഒരു പുനഃപരിശോധന നടത്തുമെന്നാണ് വിചാരിക്കുന്നത്. നമ്മുടെ ബഹുമാനപ്പെട്ട ചന്ദ്രശേഖരനെപ്പോലുള്ള ഈ രാജ്യത്തിലെ സോഷ്യലിസ്റ്റു പ്രസ്ഥാനത്തിലെ പഴയ നേതാക്കന്മാർ ആർ.എസ്.എസ്സിന്റെ കൂടെ കൂടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. കാരണം ഭാരതത്തിന്റെ നിലനിൽപ്പിനുതന്നെ ഇതൊരു ഭീഷണിയാണ്. ദേവരശ് അധികാരം പത്തുകൊല്ലംകൊണ്ട് പിടിച്ചെടുക്കുമെന്നാണ് പറഞ്ഞത്. ഇന്നു ജനതാപാർട്ടിയെന്നുപറഞ്ഞാൽ അതിലെ എല്ലാവരും ആർ.എസ്.എസ്. ചിന്താഗതിക്കാരാണെന്നു പറഞ്ഞിട്ടില്ല. ചില സോഷ്യലിസ്റ്റുകാരുണ്ട്, അതുപോലെ ജഗജ്ജീവൻറാമിന്റെ സി.എഫ്.ഡി.-ക്കാരുണ്ട്, യംഗ്ടർക്ക് എന്നു പറയുന്ന ചന്ദ്രശേഖരനെപോലുള്ള ആളുകളുണ്ട്. അതുകൊണ്ട് ഇത്തരം ചില ആളുകളെ ഒഴിച്ച് ജനതാപാർട്ടിയെന്നു പറഞ്ഞാൽ ഇന്നു പൊതുവായി ആർ.എസ്.എസ്. ആയിത്തീർന്നിരിക്കുകയാണ്. അതാണ് ഞങ്ങളം അതിനെ എതിർക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ആർ.എസ്.എസ്. ഉൾപ്പെടാത്ത ജനതയും ഇന്ദിരാഗാന്ധിയുടെ പഴയ സോഷ്യലിസത്തിന്റെ തിരിച്ചുവരവിനെതിരായ ചെറുത്തുനിൽപ്പു പ്രസ്ഥാനവും ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയത്തിൽ വേണമെന്ന്. ആ പ്രസ്ഥാനവുമായി യോജിക്കാൻ കഴിയുന്ന മുഴുവൻ ആളുകളുമായി ഞങ്ങളം യോജിക്കും. അതിൽ സോഷ്യലിസത്തിനും വർഗ്ഗീയതക്കുമെതിരായ ചരൺസിംഗിന്റെ പാർട്ടിയുമായി യോജിക്കും, ഇൻഡ്യൻ നാഷണൽ കോൺഗ്രസും അതിനു തയ്യാറാണെന്നു പ്രഖ്യാപിച്ചുകഴിഞ്ഞു, അവരുമായി യോജിക്കും, ഈ രാജ്യത്തിലെ മുസ്ലീംലീഗു രണ്ടും അതിനു തയ്യാറാണെന്നാണ് പറയുന്നത്, അവരുമായി യോജിക്കും, അതുപോലെ ആർ.എസ്.പി.-യുമായി യോജിക്കും, അങ്ങനെ ആർ.എസ്.എസ്സിനെതിരായി പോരാടുന്ന മുഴുവൻ ശക്തികളുമായി ഞങ്ങളം യോജിക്കും. കാരണം ആർ.എസ്.എസ്. ഒരു പ്രധാന വിപത്തായതുകൊണ്ടാണ്. ഈ വിപത്ത് ഈ രാജ്യത്തിന്റെ നാശത്തിലേ ചെന്നെത്തുകയുള്ളു. ഇത് മുസ്ലീമിന്റെയോ കൃസ്ത്യാനിയുടേയോ പാഴ്സിയുടെയോ സിക്കുകാരുടെയോ, ഒരു ന്യൂനപക്ഷ സമുദായത്തിന്റെയോ മാത്രം പ്രശ്നമല്ല. പണ്ട് ഹിറ്റ്ലർ എന്താണ് പറഞ്ഞത്? ജൂതൻമാർക്കെതിരാണെന്നാണ്. അവിടംകൊണ്ടു നിന്നില്ല. ഞാൻ ഈയിടെ ഗോംവാർക്കറുടെ ഒരു പുസ്തകം വായിച്ചു. ഹിറ്റ്ലർ യോഗ്യനാണെന്നാണ് ഗോംവാർക്കർ പറയുന്നത്. എന്താണ് യോഗ്യത? ഹിറ്റ്ലർ ജൂതന്മാരെ കൊന്നൊടുക്കി വംശപാരമ്പര്യം നിലനിറുത്തി. ഹിറ്റ്ലർ ജൂതന്മാരെ മാത്രമല്ല ലോകത്തെ മുഴുവൻ ചുട്ടെരിച്ചു. കോടിക്കണക്കിനു മനുഷ്യരെ കശാപ്പുചെയ്തു. ആ നാസിയെ ന്യായീകരിക്കുന്ന ഒരു പ്രസ്ഥാനമാണ് ആർ.എസ്.എസ്. ഈ പ്രസ്ഥാനത്തെ ചെറുക്കുക ഇന്നു ഈ രാജ്യത്തിന്റെ ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഹിറ്റ്ലറെക്കൂടി ന്യായീകരിക്കുന്ന ഈ പ്രസ്ഥാനം ഈ രാജ്യത്തെ മുസ്ലീമിനോ ക്രിസ്ത്യാനിക്കോ മാത്രമാണോ എതിര്, അല്ല, എല്ലാവർക്കും എതിരാണെന്ന്. അതുകൊണ്ട് സർ, ഈ ആർ.എസ്.എസ്. ഒരു വിപത്താണ്. അതിനെ ചെറുക്കേണ്ടതും തടയേണ്ടതും ആവശ്യമാണ്. കേരളത്തിൽ ഈ സായുധ ഗുണ്ടാസംഘം പ്രധാനമായി ഞങ്ങളുടെ ആളുകളെയാണ് കൊലപ്പെടുത്തിയത്. ആ സായുധ ഗുണ്ടകളെ ചെറുക്കുന്നതിന്, അവരുടെ ഡ്രില്ലും ആയുധപരിശീലനവും ആയുധപ്രകടനവും മറ്റും ഒരതിരുവരെ നിരോധിക്കുന്നതിന് ഇതു സഹായകമാകുമെന്നുള്ളതുകൊണ്ടാണ് പൊതുവായി ഞാൻ ഈ ബില്ലിനെ സ്വാഗതം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നു എന്നു പറഞ്ഞത്. ഇതിനെ ചെറുക്കുന്നതിന് നിയമംകൊണ്ടു മാത്രം സാധിക്കുകയില്ല. കേരളത്തിലും ഇൻഡ്യയിലും ഉയർന്നു വരുന്ന സോഷ്യലാധിപത്യ വർഗ്ഗീയതക്കെതിരായ പ്രസ്ഥാനത്തിന്റെ ശക്തി കൊണ്ടുമാത്രമേ പൂർണ്ണമായി തടയാൻ കഴിയുകയുള്ളു എന്നു ഞാൻ വിശ്വസിക്കുകയാണ്. അതിനു സഹായകരമാകുന്ന ഒരു നിയമനിർമ്മാണം എന്നുള്ള നിലക്ക് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഈ ബില്ല് അവതരിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആയുധങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള പ്രകടനങ്ങളും പരിശീലനങ്ങളും, അഭ്യാസങ്ങളും നിരോധിക്കുന്നതിനുവേണ്ടി ഒരു ബില്ല് കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു. ഈ ആവശ്യത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ല് എന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതുകൊണ്ട് ഞാൻ അതിനെ പൂർണ്ണമായി സ്വാഗതം ചെയ്യുന്നു. ഈ ബില്ലിനെ സംബന്ധിച്ച് അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും ആർക്കും ആക്ഷേപം കാണുകയില്ല. ഈ ബിൽ എത്രത്തോളം ഫലപ്രദമായിട്ട് ആ ലക്ഷ്യം നിറവേറ്റുമെന്നുള്ള കാര്യത്തിൽ ഒരുപക്ഷേ പലർക്കും സംശയം കണ്ടേക്കാം. അത് ഈ ബില്ലിലെ വകുപ്പുകളെ ആശ്രയിച്ചുനിൽക്കുന്ന ഒരു കാര്യമായതുകൊണ്ടാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എനിക്ക് വളരെ ശ്രദ്ധേയമായി തോന്നി. ആർ. എസ്. എസ്സിന്റെ ഇങ്ങനെയുള്ള പ്രവർത്തനങ്ങളെ നിരോധിക്കാൻവേണ്ടിയാണ് ഈ ബില്ല് കൊണ്ടുവന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. വി. രാഘവൻ പ്രസംഗിച്ചു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നത്. It has come to the notice of the Government that *certain organisations* in the State are frequently conducting mass drills and mass training with arms..... .....അവിടെ ബഹുവചനമാണ് ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ആർ.എസ്. എസ്. മാത്രമല്ല ഈ സംസ്ഥാനത്ത് അതിനുപോന്നവർ എന്ന് മന്ത്രിക്കും ഗവൺമെന്റിനും അറിയാമെന്നുള്ളത് വളരെ വ്യക്തമായതിൽ എനിക്ക് സന്തോഷമുണ്ട്. ഇന്നത്തെ കൂട്ടുകെട്ടു ഉണ്ടായിട്ടുപോലും ബഹുമാനപ്പെട്ട മന്ത്രി അതു തുറന്നു പറഞ്ഞതിൽ എനിക്ക് കൂടുതൽ സന്തോഷമുണ്ട്. ഏതായാലും ഗവൺമെന്റുതന്നെ പറയുന്നു ആർ.എസ്.എസ്. മാത്രമല്ല certain organisations എന്ന് മറ്റു പല സംഘടനകളും ഇതു ചെയ്യുന്നുണ്ട് എന്നും അതുചെയ്യാൻ സമർദ്ധൻമാരുണ്ടെന്നും ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിരിക്കുന്നു എന്നാണ്. അത്രയും പറഞ്ഞ സ്ഥിതിക്ക് ബഹുമാനപ്പെട്ട മന്ത്രി ആർ.എസ്.എസ്സിനു പുറമെ വേറെ ഏതു സംഘടനയാണ് ഇത് ചെയ്യുന്നതെന്ന് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഒന്ന് വ്യക്തമാക്കിയാൽ അത് ഈ സഭയ്ക്ക് കൂടുതൽ ആശ്വാസകരമായിരിക്കും. എന്നാൽ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ശ്ലാഘനീയമാണെന്നു ഞാൻ പറഞ്ഞു. അതു ആർ.എസ്.എസ്. അല്ല മാർക്സിസ്റ്റു പാർട്ടിയല്ല ആരു നടത്തിയാലും അതിനെ നിരോധിക്കുകയും തടയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇത് നമ്മുടെ സമൂഹത്തിലെ ഒരു പുഴുക്കുത്താണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, ഞാൻ ഒരു രാഷ്ട്രിയ പ്രസംഗം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ഈ ബില്ലിനെക്കുറിച്ച് എം. വി. രാഘവൻ ചെയ്ത പ്രസംഗം കേട്ടപ്പോഴും അദ്ദേഹം ഗവർണ്ണറുടെ പ്രസംഗത്തിനുള്ള ചർച്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്തു സംസാരിക്കുന്നു എന്നാണ് എനിക്ക് തോന്നിയത്. ബില്ലിനെ സംബന്ധിച്ച് ഒന്നും പറയുകയുണ്ടായില്ല. ഏതായാലും രാഷ്ട്രീയ പ്രസംഗം അങ്ങനെ നടന്നു. സാധാരണ ബില്ലിന്റെ ചർച്ചയിൽ സ്പീക്കർ അനുവദിക്കാത്ത ഒരു ചർച്ച ഇവിടെ നടന്നു. ഒരു ഇടപെടലും ഉണ്ടാകാതെ നടന്നു. ബില്ലിനെ സംബന്ധിച്ച് ഒന്നും പറയാതെ ഒരുപക്ഷേ ഈ സഭയിൽ നടന്ന ഒന്നാമത്തെ പ്രസംഗവും അതുതന്നെ ആയിരിക്കും. ഏതായാലും ഈ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു എതിർപ്പുമില്ലെങ്കിലും ഒരു കാര്യം എന്റെ ദൃഷ്ടിയിൽപ്പെട്ടത് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഒരു ചെറിയ ബില്ലാണെങ്കിലും വലിയ കാര്യത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലായതുകൊണ്ട് ഫലപ്രദമായിട്ട് അവ നടപ്പാക്കണമെങ്കിൽ ആ ബില്ലിൽ പറയുന്ന കാര്യങ്ങളും വാക്കുകളും അതിൽ പറയുന്ന എല്ലാ കാര്യങ്ങളും ശരിയായി ഫലപ്രദമായി നടപ്പാക്കാവുന്ന രീതിയിലുള്ളതായിരിക്കണം. അത് മുഴുവൻ ഈ ബില്ലിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് വളരെ സംശയമുണ്ട്.

ഒന്നാമതായിട്ട് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഈ ബിൽ എപ്പോഴും നടപ്പാക്കണമെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റിനു ഒരു ധാരണ വേണമല്ലോ. ഇവിടെ എം. വി. രാഘവനും ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു പുതുതായി അക്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യമനുസരിച്ച് അതൊക്കെ തടയേണ്ടതാണ് എന്ന്. ഈ ബില്ലു കൊണ്ടുവന്നിട്ടുള്ളത് പോലീസ് ആക്ടിനു ഒരു ഭേദഗതിയായിട്ടാണ്. പോലീസ് ആക്ടിൽ അതിന്റെ കമൻസ്മെന്റ് എന്നുള്ള കാര്യത്തിൽ പറയുന്നത് it will come into force at once, ഉടനെ നടപ്പിലാകുമെന്നാണ്. ഉടനെ നടപ്പാകുമെന്നുള്ളതു മാറ്റിവച്ചുകൊണ്ട് പറഞ്ഞു, it shall come into force on such date as the Government may, by notification in the Gazette, appoint. അപ്പോഴും ഈ ബിൽ ഇവിടെ പാസാക്കി ഗവർണ്ണറുടെ അനുമതി കിട്ടിയാലും ഉടനെ നടപ്പാക്കണമെന്നു ഗവൺമെന്റിനു ഉദ്ദേശമില്ലെങ്കിൽ അടിയന്തിരമായി തടയാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്നുള്ളതിൽ 100 ശതമാനവും ആത്മാർത്ഥത കാണാൻ എനിക്കു കഴിയുന്നില്ല. 100 ശതമാനവും നടപ്പാക്കണമെന്ന് ഉദ്ദേശമുണ്ടായിരുന്നെങ്കിൽ ഉടനെ നടപ്പാക്കണമെന്നു പറയുമായിരുന്നു. അതിനുപകരം ഗവൺമെന്റ് ഒരു കാലത്ത് നോട്ടിഫൈ ചെയ്യുന്ന സമയത്ത് നടപ്പാക്കുമെന്ന് പറയുമ്പോഴും പുത്തരിയിൽത്തന്നെ കല്ലുകടിച്ച പ്രതീതിയാണ്. അതുപോലെതന്നെ ഇതിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളും ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുപോലെ ഫലപ്രദമായി അതിനെ നേരിടാൻ കഴിയുന്ന രീതിയിൽ ആണോ എന്നു പരിശോധിക്കണം. At present there is no law in force in this State for effectively preventing such activities എന്നു പറഞ്ഞു. ഫലപ്രദമായി ഇങ്ങനെയുള്ള പ്രവർത്തനങ്ങളെ തടയുന്നതിന് ഇന്നുനിലവിലുള്ള നിയമങ്ങൾ പര്യാപ്തമല്ല എന്നാണ് പറയുന്നത്. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയമം എത്രത്തോളം ഫലപ്രദമായി പര്യാപ്തമാകുമെന്നുള്ളത് പരിശോധിക്കണം. ഇതിൽ പലതും വളരെ അവ്യക്തമാണ്. ഇതിൽ മാസ്ഡ്രിൽ എന്നു പറയുന്നുണ്ട്. എന്താണ് ഈ മാസ്ഡ്രിൽ? ആരാണ് അത് നിശ്ചയിക്കുന്നത്? മാസ്ഡ്രിൽ, മാസ്ട്രെയിനിംഗ്. ഇൻഡ്യൻ പീനൽ കോഡിലാകട്ടെ ക്രിമിനൽ പ്രൊസീഡിയർ കോഡാകട്ടെ പരിശോധിച്ചാൽ ഇതുപോലുള്ള പ്രൊഹിബിഷനുകളും, നിരോധന ലംഘനങ്ങൾക്കുള്ള കുറ്റങ്ങളും ഇതൊക്കെ നിരോധിച്ചിട്ടുള്ളിടത്ത് എല്ലാ കാര്യങ്ങളും വ്യക്തമായി നിർവ്വചിച്ചുകാണാം.

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെങ്കിൽ ഒരു കുറ്റകൃത്യത്തിൽ അല്ലെങ്കിൽ ചെയ്യാൻപോകുന്ന കാര്യങ്ങളെ ഫലപ്രദമായി നിരോധിക്കണമെങ്കിൽ അതു വ്യക്തമായി പറയണം. ഇവിടെ മാസ്ഡ്രിൽ എന്നു പറഞ്ഞു.

സർ, എന്താണ് മാസ്ഡ്രിൽ എന്ന് നിയമത്തിൽ നിർവചിച്ചിട്ടില്ല. അതെല്ലാം ഭാവനയ്ക്ക് വിട്ടിരിക്കുകയാണ്, അൺലാഫുൾ അസംബ്ലി എന്താണെന്ന് ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും ഇൻഡ്യൻ പീനൽ കോഡിലും വ്യക്തമായി പറയുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിൽ മാസ്ഡ്രിൽ എന്നാൽ എന്താണ്? രണ്ടുപേർ മതിയോ നൂറുപേർ വേണമോ ആയിരം ആളുകൾ വേണമോ എന്നുള്ളതൊന്നുമില്ല. മാസ്ഡ്രിൽ എന്നുള്ളതാണ് നിരോധിക്കുന്നത്, Mass drill or mass training with arms ആണ് നിരോധിക്കുന്നത്. മാസ്ഡ്രിൽ എന്താണ് മാസ്ട്രെയിനിംഗ് എന്താണെന്ന് നിർവചിക്കാതെ വെറുതെ ഒഴുക്കനായി ബില്ലിൽ എഴുതിവച്ചാൽ അതുകൊണ്ട് ആളുകളെ നിയന്ത്രിക്കുവാൻ കഴിയുമോ? എന്ത് പ്രൊഹിബിഷനാണ് നടത്താൻ ഉദ്ദേശിക്കുന്നത്? അതുകൊണ്ട് മാസ്ഡ്രിൽ, മാസ്ട്രെയിനിങ്ങ് ഇവ എന്താണെന്ന് നിർവചിക്കാതെ വെറുതേ mass drill or mass training എന്ന് പറഞ്ഞാൽ നടക്കുകയില്ല. മാസ്ഡ്രില്ലും മാസ്ട്രെയിനിങ്ങും മാണെന്ന് ആരാണ് തീരുമാനിക്കേണ്ടത്? തീരുമാനിച്ചാൽ നടപ്പിലാക്കാൻ കഴിയുമോ? പ്രൊഹിബിഷൻ ഓർഡറിനെ ചോദ്യം ചെയ്താൽ അത് നിലനിൽക്കുമോ? കുറ്റകരമായ പ്രവർത്തനമാണെങ്കിൽ അതിനെ തടയണം. മാസ്ഡ്രില്ലും മാസ്ട്രെയിനിങ്ങും നിർവചിക്കാതെ പ്രൊഹിബിറ്റു ചെയ്യാൻ അധികാരം കൊടുത്താൽ അതിനെ കോടതിയിൽ ചോദ്യം ചെയ്താൽ നിലനിൽക്കാൻവേണ്ടി യാതൊന്നും ഈ നിയമത്തിലില്ല. ഇങ്ങനെ യാതൊന്നിനും കൊള്ളാത്ത കുറെവാക്കുകൾ എഴുതിവച്ച് അതു ആർ. എസ്. എസ്. നെറ അക്രമപ്രവർത്തനങ്ങളെ തടയാനാണ് കൊണ്ടു വന്നിട്ടുള്ളതെന്നു പറഞ്ഞാൽ ഇൻഡ്യയിലാദ്യമായി ഇങ്ങനെയൊരു നിയമം ഞങ്ങൾ കൊണ്ടുവന്നു എന്നു പ്രചരിപ്പിക്കാമെന്നുള്ളതല്ലാതെ ഫലപ്രദമായി ഇക്കാര്യത്തിൽ ഒന്നും ചെയ്യാനൊക്കുകയില്ല. അധികാരികൾക്കു ഒന്നും ചെയ്യാനൊക്കുകയില്ലെന്നു ഉറപ്പിച്ചു തറപ്പിച്ച് എനിക്കു പറയാൻ കഴിയും. അങ്ങനെ ചെയ്യാൻ കഴിയണമെങ്കിൽ വ്യക്തമായ നിർവചനത്തോടും വ്യക്തമായ നിർദ്ദേശങ്ങളോടും കൂടിയുള്ള നിയമനിർമ്മാണമായിരിക്കണം. മാസ്ഡ്രിൽ, മാസ് ട്രെയിനിംഗ് ഇവയൊന്നും നിർവ്വചിച്ചില്ലെങ്കിൽ ആരാണതു നിശ്ചയിക്കുന്നത് ? ഈ നിയമത്തിനു നിലനിൽക്കാൻ എന്തു കഴിവുണ്ട്. ഇതൊന്നുമില്ലാതെ ആർ. എസ്. എസ്-നെ നിരോധിക്കാനാണെന്നു പറഞ്ഞു സമാധാനിക്കാം. പക്ഷെ ഒരു ചുക്കും ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമസംരക്ഷണാധികാരികൾക്കു ചെയ്യാൻ കഴിയുകയില്ലായെന്നാണ് ഈ ബില്ലിലെ വ്യവസ്ഥകൾ നോക്കിയാൽ മനസ്സിലാകുന്നത്. അവ്യക്തത നിറഞ്ഞ പദപ്രയോഗങ്ങൾ കൊണ്ട് വേണമെങ്കിൽ പ്രചരണം നടത്താമെന്നല്ലാതെ മറ്റൊന്നുമില്ല. നല്ല ലക്ഷ്യത്തിനുവേണ്ടി പ്രചരണം നടത്തുന്നത് നല്ലതാണ്. പക്ഷേ ഫലപ്രദമായി ഒന്നും നടക്കുകയില്ല. മാസ്ഡ്രിൽ, മാസ്ട്രെയിനിംഗ് ഇവയിൽ മാത്രമല്ല. 'with arms' എന്നു പറഞ്ഞിട്ടുണ്ട്. എന്താണ് ആംസ് ? ആംസ് എന്നെഴുതിയിട്ടു എക്സ്പ്ലനേഷൻ എഴുതിയിട്ടുണ്ട്. എക്സ്പ്ലനേഷൻ ഇല്ലാതിരുന്നെങ്കിൽ കുറേകൂടി നന്നായിരുന്നേനെ. എക്സ്പ്ലനേഷൻ വന്നപ്പോൾ കൂടുതൽ വികൃതമായി, ആംസ് എന്താണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടായി. അതിൽ പറയുന്നത് "any type of offensive weapon and includes lathi, dand and stick" എന്നാണ്. എന്താണു സർ, സ്റ്റിക്ക്?

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു നിയമനിർമ്മാണമാണ്. കുറ്റകൃത്യങ്ങൾ നിരോധിക്കുവാനുള്ള നിയമനിർമ്മാണമാണ്. സ്റ്റിക്ക് എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി ഒരു വാക്കിംഗ് സ്റ്റിക്ക് കൊണ്ടു നടന്നാൽ അതും സ്റ്റിക്കാണ്. കുട കൊണ്ടു നടന്നാൽ അതും സ്റ്റിക്കാണ്. 'ദണ്ഡ്' എന്തു ഭാഷയാണ് സർ? മലയാളമാണെങ്കിൽ ദണ്ഡും സ്റ്റിക്കും തമ്മിലുള്ള വ്യത്യാസമെന്താണ്? ഇതു രണ്ടും രണ്ടാണോ? ആർക്കറിയാം? ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെങ്കിൽ വിശദീകരിക്കണം. ഇങ്ങനെ വെറും അർത്ഥമില്ലാത്ത വാക്കുകൾ ഉപയോഗിച്ചിട്ട് ഇതുകൊണ്ട് ആർ. എസ്. എസ്.-ന്റെ അക്രമപ്രവർത്തനങ്ങളെ ഫലപ്രദമായി തടയാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയാണെങ്കിൽ അതാർക്കും വിശ്വസിക്കുവാൻ കഴിയുകയില്ല. കാരണം ഇതുകൊണ്ട് തടയാനൊക്കുകയില്ല. കഴിയണമെങ്കിൽ ഇൻഡ്യൻ പീനൽകോഡിലും ഇൻഡ്യൻ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും പറഞ്ഞിട്ടുള്ളതു പോലെ വ്യക്തമായ നിർവചനത്തോടുകൂടി അർത്ഥമുള്ള വിശേഷണത്തോടുകൂടിയ വാക്കുകൾ എഴുതിച്ചേർക്കണം. അല്ലാതെ ദണ്ഡ്, സ്റ്റിക്ക് എന്നെല്ലാം പറഞ്ഞ് ആർ. എസ്. എസ്. നെ നിരോധിക്കുവാൻ സാധ്യമല്ല. വിശദീകരണമൊന്നുമില്ലാതെയുള്ള, ഒരു സാധനം എഴുതിവച്ചിരിക്കുന്നു എന്നുള്ളതല്ലാതെ, അതിനപ്പുറം ഇതിനെ ഒരു ബില്ല് എന്നു വിശേഷിപ്പിക്കുവാൻ പ്രയാസമാണ്. ഉദ്ദേശലക്ഷ്യം നല്ലതാണ്, തടയണം, നടപ്പിലാക്കണം, നൂറു ശതമാനം അതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ ഇതുകൊണ്ട് നടക്കുകയില്ല. അതുമാത്രമാണ് ഞാൻ പറയുന്നത്. കാരണം ഇതിലെ വാക്കുകളും പ്രതിപാദനവും അങ്ങനെയാണ്.

അതുപോലെതന്നെ പോലീസ് ആക്ടിലെ 25-ാം വകുപ്പിന് പറയുന്ന ഭേദഗതിയുണ്ട്. പോലീസ് ആക്ട് വളരെ സുചിന്തിതമായുണ്ടാക്കിയ ഒരു ആക്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. അതിലെ 25-ാം വകുപ്പിൽ 'ഇൻ റൈറ്റിംഗ്' എന്നാണ് പറയുന്നത്. ''ഓർഡർ ഇൻ റൈറ്റിംഗ്'' എന്നുള്ളത് വളരെ വ്യക്തമാണ്. ഓർഡർ ആണെങ്കിൽ റൈറ്റിംഗ് ആയിരിക്കണം. അതിനെ ഭേദഗതി ചെയ്തു. 'ഓർഡർ' എന്നു വച്ചാൽ എഴുതിയ ഓർഡർ ആകാം പറയുന്ന ഓർഡർ ആകാം. ആർ, എസ്. എസ്.-ന്റെ മാസ്ട്രിൽ നിരോധിക്കുവാൻ കൊടുക്കുന്ന ഓർഡർ എങ്ങനെ നടപ്പിലാക്കും? ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾക്കു പറഞ്ഞുതരണം. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും വേറെ നിയമനിർമ്മാണങ്ങളിലും എഴുതുന്നതല്ലാതെയുള്ള ഓർഡർ കാണാൻ പ്രയാസമാണ്. മജിസ്ട്രേറ്റിനു വാക്കാൽ ഓർഡർ കൊടുക്കാം. ഓർഡർ ഇൻ റൈറ്റിംഗ് അല്ലെങ്കിൽ ഓർഡർ നൽകിയെന്നുള്ളത് എങ്ങനെ തെളിയിക്കുവാൻ കഴിയും? ആർ. എസ്. എസ്. കാർ ഒരു സ്ഥലത്ത് മാസ്ട്രിൽ നടത്തുന്നു. അതുകൊണ്ട് മൂന്നുമാസത്തേക്ക് പുറപ്പെടുവിക്കുന്ന ഓർഡർ, ഓർഡർ ഇൻ റൈറ്റിംഗ് അല്ലെങ്കിൽ അത് എന്ത് ഓർഡർ ആയിരിക്കും. അതുകൊണ്ട് മുഴുവൻ ആശയക്കുഴപ്പം കുത്തിനിറച്ച പദപ്രയോഗങ്ങൾ കൊണ്ട് ഈ ബിൽ വികൃതമാക്കിയിട്ടുണ്ട്. അതുകൊണ്ട് ലക്ഷ്യം നിറവേറ്റാൻ ഇതു പര്യാപ്തമല്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കേണ്ടതില്ല എന്നു ഞാൻ പറയുന്നില്ല. ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഫലപ്രദമായി തടയാനാണ് ഉദ്ദേശമെങ്കിൽ അതു ചെയ്യാനുള്ള ഏർപ്പാടുണ്ടാകണം. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല.

ഏതായാലും ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അക്രമപ്രവർത്തനങ്ങൾ ഏതു രീതിയിലായിരുന്നാലും അപലപനീയമാണ്. അക്രമം വർഗ്ഗീയമാകാം, അക്രമം രാഷ്ട്രീയമാകാം. ബഹുമാനപ്പെട്ട മന്ത്രി ഇതു രണ്ടും കണക്കിലെടുത്തിട്ടുള്ളതു കൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പക്ഷേ ഉദ്ദേശലക്ഷ്യങ്ങളിൽ സേർട്ടൻ ഓർഗനൈസേഷൻ എന്നു പറഞ്ഞിട്ടുള്ളത്. ഏതായാലും ആർ. എസ്. എസ്. ഇതിൽ പെടുന്നുണ്ട്. അതുപോലെതന്നെ ഇവിടെ പ്രസംഗിച്ച ശ്രീ. എം. വി. രാഘവന് അക്രമ രാഷ്ട്രീയത്തിൽ യാതൊരു പങ്കുമില്ലെന്നു പറയാൻ കഴിയുമോ എന്നു അദ്ദേഹം ആത്മപരിശോധന നടത്തണമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഏതായാലും ഈ അക്രമ രാഷ്ട്രീയമോ അക്രമവർഗ്ഗീയതയോ നടത്താത്ത കൂട്ടരാണ് തങ്ങളെന്നു ശ്രീ. എം. വി. രാഘവനു പറയാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. 1957-ലും 1967-ലും നടന്ന കാര്യങ്ങൾ എല്ലാ പേർക്കുമറിയാം. ആർ. എസ്. എസ്. കാർ ഡ്രിൽ നടത്തുന്നുണ്ടെങ്കിൽ നിങ്ങൾ ഗോപാലസേന രൂപീകരിച്ചു കൊണ്ട് പാവങ്ങളെ അടിച്ചമർത്തിയ കാര്യം ഞാൻ മറന്നിട്ടില്ല. മാർക്സിസ്റ്റുപാർട്ടിയുടെ ചരിത്രം പരിശോധിച്ചാൽ വർഗ്ഗീയാക്രമത്തിന്റെ ചരിത്രം ആർ. എസ്. എസ്.-ന്റെ ഭാഗത്തുണ്ടെങ്കിൽ അക്രമരാഷ്ട്രീയത്തിന്റെ ചരിത്രമാണ് അവർക്കുള്ളതെന്നു കേരളത്തെ സംബന്ധിച്ചിടത്തോളം തറപ്പിച്ചു പറയാൻ കഴിയും. നിങ്ങളുടെ ഗോപാലസേനയുടെ അടി കിട്ടിയ ആളാണ് ഞാൻ അതു കൊണ്ട് എനിക്കതു തറപ്പിച്ചുതന്നെ പറയാൻ കഴിയും. സംഘടിതമായി. എല്ലാസ്ഥലങ്ങളിലും പരിശീലനം നടത്തുകയും പോലീസുകാരെപ്പോലെയൂണിഫോം ഇട്ടുകൊണ്ട് റോഡിൽ കൂടി മാർച്ചു നടത്തുകയും ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട കർഷകരെയെല്ലാം സംഘടിതമായി തല്ലി എല്ലൊടിക്കുകയും ചെയ്ത അക്രമരാഷ്ട്രീയക്കാർ ഇത്രയധികം പ്രസംഗിക്കേണ്ടതില്ല.

ഏതായാലും ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കാരണം, വേണമെങ്കിൽ അക്രമരാഷ്ട്രീയത്തിനെതിരായും ഈ ബില്ല് ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് ഞാൻ വളരെ സന്തോഷിക്കുന്നു. അതു കൊണ്ടു തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി സേർട്ടൻ ഓർഗനൈസേഷൻ എന്ന് ഇതിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ടു വർഗ്ഗീയ അക്രമം മാത്രം പോര അക്രമ രാഷ്ട്രീയവും ഫലപ്രദമായി നിയന്ത്രിക്കണം. അതിനും ഈ ബില്ല് പര്യാപ്തമാകാതെ വരുന്നു എന്നുള്ളതിൽ എനിക്കു ഖേദമുണ്ട്. വർഗ്ഗീയ അക്രമമായാലും അക്രമരാഷ്ട്രീയമായാലും രണ്ടിനേയും നിയന്ത്രിക്കാൻ കഴിയാത്ത ഒരു ഷണ്ഡത്വം ഈ ബില്ലിനു വന്നു ചേർന്നിരിക്കുന്നു. അതുപോലുള്ള പദപ്രയോഗങ്ങളും അതു പോലുള്ള നിർവചനവും ആണ് ഇതിൽ കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതു പാസാക്കിയാലും, സമഗ്രമായ ഒരു ഭേദഗതി കൊണ്ടുവന്ന് ഇത് ഫലപ്രദമാക്കാൻ ശ്രമിക്കണം. അങ്ങനെ ആർ. എസ്. എസ്.കാരുടെ വർഗ്ഗീയ അക്രമമായാലും മാർക്സിസ്റ്റ് പാർട്ടിയുടെ അക്രമ രാഷ്ട്രീയമായാലും അതിനെ തടയാൻ ഈ ബില്ല് ഉപകരിക്കണം.

(മാർക്സിസ്റ്റ് എം. എൽ. എ. മാർ എഴുന്നേറ്റുനിന്ന് പലതും വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

ഏതായാലും ഈ സംസ്ഥാനത്തുണ്ടായിട്ടുള്ള അക്രമരാഷ്ട്രീയങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ആർ. എസ്. എസ്. കാർ അക്രമം തുടങ്ങുന്നതിനുമുമ്പ് മാർക്സിസ്റ്റ് പാർട്ടിയാണ് ഇവിടെ അക്രമ രാഷ്ട്രീയം തുടങ്ങിയത്.

(ബഹളം)

മാർക്സിസ്റ്റുകാരുടെ അക്രമരാഷ്ട്രീയം കൊണ്ട് ഞങ്ങളുടെ എത്രയോ പാർട്ടി പ്രവർത്തകൻമാർ ജീവൻ ബലികഴിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നിങ്ങളുടെ അക്രമം കൊടികുത്തി വാണകാലത്ത് ഞങ്ങളുടെ എത്രയോ പ്രവർത്തകൻമാരെ കുത്തി കൊലചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(തുടർച്ചയായ ബഹളം)

അക്രമരാഷ്ട്രീയം ഇവിടെ ആരംഭിച്ചത് മാർക്സിസ്റ്റ് പാർട്ടി യാണ്. ആർ. എസ്. എസ്. കാരിൽനിന്നു തിരിച്ചടി കിട്ടിയപ്പോഴാണ് ഇവർക്ക് ബോധമുണ്ടായത്. അടി തുടങ്ങാതിരിക്കുകയാണ് ഭേദം. അടി കൊടുത്താൽ അടി കിട്ടും. അടി തുടങ്ങുമ്പോഴും ചിലപ്പോഴും കൂടുതൽ അടി കിട്ടും. നിങ്ങൾ പറയുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങളുടെ ചരിത്രം തിരിഞ്ഞു നോക്കണം. സർ, ഈ ബില്ലിനെ സംബന്ധിച്ചിട ത്തോളം ഇതര സംഘടനകളും, മാർക്സിസ്റ്റ് പാർട്ടി അടക്കമുള്ള എല്ലാ സംഘടനകളും നടത്തുന്ന അക്രമങ്ങളെ തടയാൻ കഴിയണം.

(ബഹളം)

ഏതായിരുന്നാലും ബഹുമാനപ്പെട്ട മന്ത്രി വരദരാജൻ നായർ വളരെ നീതിനിഷ്ഠയോടും നിഷ്പക്ഷ ബുദ്ധിയോടും മാർക്സിസ്റ്റ് പാർട്ടി അടക്കമുള്ള, നിങ്ങളുടെ പുതിയ കൂട്ടുകാരായ മാർക്സിസ്റ്റ് പാർട്ടി അടക്കമുള്ള, എല്ലാവരുടെയും അക്രമരാഷ്ട്രീയത്തെ തടയാനായിട്ടുള്ള ഒരു ബില്ല്.....

(ബഹളം)

ഏതായാലും വർഗ്ഗീയ അക്രമത്തേയും അക്രമ രാഷ്ട്രീയത്തേയും തടയേണ്ടത് ആവശ്യമാണ്. അതിന് അപര്യാപ്തമാണ് ഈ ബിൽ. എങ്കിലും രണ്ടു കയ്യും പൊന്തിച്ചുകൊണ്ട് ഇതിനെ സ്വാഗതം ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഫലപ്രദമായി അക്രമരാഷ്ട്രീയവും വർഗ്ഗീയ അക്രമവും തടയാൻ കഴിയണം. ഈ ബിൽ ഇപ്പോഴും പാസാക്കുകയാണെ ങ്കിലും മേലിൽ അക്രമരാഷ്ട്രീയത്തേയും വർഗ്ഗീയ അക്രമത്തേയും തടയാനുള്ള ഒരു ബിൽ കൊണ്ടുവരാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, അധികാര കേന്ദ്രീകരണത്തിന്റെയും ഹൈന്ദവമേധാവിത്വത്തിന്റെയും ഉത്തരേൻഡ്യൻ ട്രോന്തിന്റെയും ആകെ ത്തുകയായ ആർ. എസ്. എസ്.-ന് എതിരായ പോരാട്ടത്തിന് ഒരു പുതു മുഖം കണ്ടെത്തുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർ, ഈ ബിൽ നടപ്പാക്കുന്ന കാര്യത്തിൽ പോരായ്മകൾ അതിനകത്തുണ്ടെ ന്നാണ് എന്റെയും അഭിപ്രായം.

ഈ ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ അദ്ദേഹം പറയുകയുണ്ടായി, നമ്മുടെ സംസ്ഥാനത്ത് അടുത്ത കുറെ കാലങ്ങളായി കണ്ടുവരുന്ന ആയുധപരി ശീലനവും ആയുധം ഉപയോഗിച്ചുള്ള പ്രകടനവും ഒക്കെ നിരോ ധിക്കേണ്ടത് ആവശ്യമാണെന്നു കണ്ടതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നതെന്ന്. ഇതിനകത്ത് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത് ആർ. എസ്. എസ്.-നെയാണ്. ആർ. എസ്. എസ്.-നെപ്പോലെതന്നെ സമൂഹത്തിനു ദ്രോഹം ചെയ്യുന്ന മറ്റു പല സംഘ ടനകളും ഉണ്ട്. ഏതു സംഘടന അതിനുവേണ്ടി മുതിർന്നാലും അവരെ യൊക്കെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ബഹുമാനപ്പെട്ട ദേവസ്സി ക്കുട്ടി പറഞ്ഞതുപോലെ ഏത് പാർട്ടി ആയുധമെടുത്തു പ്രകടനം നടത്തിയാലും ആയുധമെടുത്തു പരിശീലനം നടത്തിയാലും അതിനേയും തടയേണ്ടത് ആവശ്യമാണ്. സർ, ഇത് വളരെ നല്ല ഉദ്ദേശത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണ്. ആർ. എസ്. എസ്. എന്നു മാത്രം പറഞ്ഞ് ഒരു നിയമം കൊണ്ടു വരുന്നതും ശരിയല്ല. പൊതുവായ ഒരു നിയമമെന്ന നിലയിൽ അതിന്റെ പരിധിക്കുള്ളിൽ വരുന്ന ഏതാളുകളാണെങ്കിലും അവരെ നിയന്ത്രിക്കേണ്ടതു് ആവശ്യമാണ്.

സർ, ഇത് എത്രകണ്ട് ഫലപ്രദമാകുമെന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. പോലീസ് ആക്ടിൽ പുതിയ ഒരു സെക്ഷനാണ് 21 (എ) അനുസരിച്ച് എഴുതിച്ചേർത്തിരിക്കുന്നത്. അതനുസരിച്ച് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്, അതായത് കളക്ടർക്കു ഏതെങ്കിലും ഒരു ഭാഗത്ത് ഇത്തരത്തിൽ ആയുധം ഉപയോഗിച്ചുകൊണ്ടുള്ള പരിശീലനമോ പ്രകടനമോ നടക്കുന്നുണ്ടെങ്കിൽ അതു നിരോധിക്കുന്നതിനുള്ള അവസരം, മൂന്നു മാസത്തേക്കു നിരോധിക്കാനുള്ള അവകാശം കൊടുത്തിരിക്കുകയാണ്. ഇങ്ങനെ കൊടുത്തിരിക്കുന്ന ഈ അവകാശം അനുസരിച്ച് ഒരു പ്രദേശത്ത് ഇത്തരത്തിൽ ഡ്രില്ലോ മറ്റു പ്രകടനങ്ങളോ ഒക്കെ നിരോധിച്ചു കഴിഞ്ഞാൽ അതു ലംഘിക്കുന്ന ആളിനു കൊടുക്കേണ്ട ശിക്ഷയെക്കുറിച്ചും ഇതിനകത്ത് പറയുന്നുണ്ട്. 57 (എ)-ൽ ഇതിനെക്കുറിച്ചാണ് പറയുന്നത്. ഇതനുസരിച്ച് 6 മാസം തടവാണ് പരമാവധി പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ മൂന്നുമാസത്തിൽ കുറയാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഫൈൻ രണ്ടായിരം രൂപയെന്ന പരിധിയും വച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള പരിശീലനം ആരു നടത്തിയാലും അതിനെ നിയന്ത്രിക്കേണ്ടതാവശ്യമാണ്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് ഈ ഉത്തരവിട്ടു കഴിഞ്ഞാൽ അതു ലംഘിക്കുന്ന ആളുകളെ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന കാര്യം ഒന്നുകൂടി വ്യക്തമാക്കണമെന്നാണെന്റെ അഭിപ്രായം. വാറണ്ടോടുകൂടിയല്ലാതെ അറസ്റ്റ് ചെയ്യാൻ സാധ്യമല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഇതിന് എന്തു ഫലപ്രാപ്തിയുണ്ടാകുമെന്നെനിക്കറിഞ്ഞുകൂടാ. ഒരാളെ കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്നാൽത്തന്നെ ആരെങ്കിലും ജാമ്യം നിന്നാൽ ഇറക്കി വിടുകയാണ്. അതു പോരാ. ഈ ഒഫൻസ് കമ്മിറ്റ് ചെയ്തു കഴിഞ്ഞാൽ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാനുള്ള അധികാരം കൊടുക്കേണ്ടതായിട്ടുണ്ട്. അതിനു സി. ആർ. പി. സി. യിൽ വളരെ വ്യക്തമായ വ്യവസ്ഥകൾ പറയുന്നുണ്ട്. അതനുസരിച്ച് ഇതൊരു കോഗ്നിസിബിൾ ഒഫൻസായി മാറ്റാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചില്ലെങ്കിൽ ഇതിനു നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള ഫലപ്രാപ്തി ഉണ്ടാകുകയില്ല. അതുകൊണ്ട് കോഗ്നിസിബിൾ ഒഫൻസ് ആക്കണം. അങ്ങനെയായാൽ പോലീസധികാരികൾക്ക് ഈ ആളുകളെ വാറണ്ടുകൂടാതെ അറസ്റ്റ് ചെയ്യാൻ സാധിക്കും. കോഗ്നിസിബിൾ ഒഫൻസിനെക്കുറിച്ചും നോൺ കോഗ്നിസിബിൾ ഒഫൻസിനെക്കുറിച്ചുമൊക്കെ സി. ആർ. പി. സി. യിൽ പറയുന്നുണ്ട്. Punishable with imprisonment for 3 years and upwards but not more than 7 years. ഇത് കോഗ്നിസിബിൾ ഒഫൻസാണ്; നോൺ ബെയിലബിൾ ആണ്. അതു ട്രയൽ ചെയ്യാനുള്ള കോടതിയുടെ അധികാരത്തെക്കുറിച്ചു പറയുന്നുണ്ട്. ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനാണ് ആ അധികാരം കൊടുത്തിരിക്കുന്നത്. സർ, ഈ നിയമം കൊണ്ടുവരാനുണ്ടായ സാഹചര്യം നമുക്കറിയാം. കഴിഞ്ഞ കുറെക്കാലമായി നമ്മുടെ രാജ്യത്തു നടന്നുവന്ന അതിക്രമങ്ങൾ നിറുത്തണമെന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നത്. കഴിഞ്ഞ നിയമസഭാസമ്മേളനക്കാലത്ത് ആർ. എസ്. എസിന്റെ പ്രവർത്തനത്തെക്കുറിച്ചു നാം ചർച്ച ചെയ്തതാണ്. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും അന്നത്തെ ചർച്ചയെ സ്വാഗതം ചെയ്തു. ജനതാ പാർട്ടിയിലുള്ള സുഹൃത്തുക്കളും മാത്രമാണ് അവരുടെ അഭിപ്രായം എങ്ങനെ അവതരിപ്പിക്കണമെന്നറിയാൻ വയ്യാതെ ഇവിടെക്കിടന്നു കുഴഞ്ഞത്. ബാക്കിയുള്ള എല്ലാ ആളുകളും ആർ. എസ്. എസ്.–നെതിരായി സംസാരിക്കാൻ തയ്യാറായി. അതിന്റെയുംകൂടി അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമെന്നുള്ള നിലയിൽ ഇതു നടപ്പിലാക്കാൻ നാം തയ്യാറാകുമ്പോഴും ഇതിന്റെ മുഴുവൻ ഫലവും ലഭിക്കണമെന്നുള്ള അഭിപ്രായമാണെനിക്കുള്ളത്. ഇതിൽ ശിക്ഷയെക്കുറിച്ചു പറയുന്നത് ആറുമാസത്തിൽ കൂടാനും പാടില്ല മൂന്നു മാസത്തിൽ കുറയാനും പാടില്ല എന്നാണ്. ഇതു രണ്ടുമല്ലെങ്കിൽ രണ്ടായിരം രൂപ ഫൈൻ മതി. രണ്ടുംകൂടിയാണെന്നു പറയുന്നില്ല. ഇതനുസരിച്ച് ഇതൊരു ബെയിലബിൾ ഒഫൻസാണ്. അറസ്റ്റ് ചെയ്യാൻ പോലും വാറണ്ടിനുവേണ്ടി പോകേണ്ടിയിരിക്കുന്നു. കോഗ്നിസിബിൾ ഒഫൻസാക്കിക്കൊണ്ട് വാറണ്ടുകൂടാതെ അറസ്റ്റ് ചെയ്യാനുള്ള അധികാരം കൊടുത്തെങ്കിൽ മാത്രമേ നാമുദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളൂ. സർ, ഇതു ദുരുപയോഗപ്പെടുത്തുമോ എന്ന ആശങ്ക ഉന്നയിക്കുകയുണ്ടായി. സർ, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നു പറയുന്നതു കളക്ടറാണ്. അദ്ദേഹമാണ് അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് ഇതു നിയന്ത്രിക്കാൻ പോകുന്നത്. ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ആ ഗവൺമെൻറ് കൊണ്ടുവരുന്ന നിയമം നടപ്പിലാക്കാനുള്ള ഡയറക്ഷൻ ഗവൺമെൻറിനു കൊടുക്കാൻ സാധിക്കും. ആരോടെങ്കിലും രാഷ്ട്രീയ പകപോക്കലിനു വേണ്ടി ഇതുപയോഗപ്പെടുമോ എന്നുള്ള ആശങ്കയോടുകൂടിയാണ് അത്തരത്തിലുള്ള വ്യവസ്ഥ എഴുതിച്ചേർക്കാതിരിക്കുന്നതെന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പി. ബാലൻ: ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നു പറഞ്ഞാലും കളക്ടർ എന്നു പറഞ്ഞാലും മാറിപ്പോകാനിടയുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: അത് പണ്ട് കെ. എം. മാണിക്കേ മാറിപ്പോയിട്ടുള്ളൂ. ബാക്കിയുള്ളവർക്കാർക്കും മാറിപ്പോകുമെന്നെനിക്കു തോന്നുന്നില്ല. അദ്ദേഹത്തിനു അങ്ങനെയൊരബദ്ധംപറ്റി. ഡിസ്ട്രിക്ട് മജിസ്ട്രേട്ടും കളക്ടറും തമ്മിലുള്ള വ്യത്യാസം നമുക്കൊക്കെ അറിയാമല്ലോ. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നു പറഞ്ഞിരിക്കുന്നത് കളക്ടറെ ഉദ്ദേശിച്ചുതന്നെയാണ്. സർ, ശിക്ഷ ആറുമാസമാണെന്നു പറഞ്ഞിരിക്കുന്നത് സി.ആർ.പി.സി.-യിലെപ്പോലെ മൂന്നു വർഷമോ അതിൽക്കൂടുതലോ ആക്കി വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. 57(എ) യുടെ അവസാനം this shall be a cognisable offence എന്നുകൂടി എഴുതിച്ചേർത്താൽമതി. അതിനുള്ള അധികാരം നിയമസഭക്കുണ്ട്, അങ്ങനെ ആക്കിയാൽ ഫലപ്രദമായ നിലയിൽ ഈ നിയമം നടപ്പിലാക്കാൻ സാധിക്കും. അല്ലെങ്കിൽ ഒരു നിയമം പാസ്സാക്കി എന്നുള്ള അഭിമാനബോധമല്ലാതെ മറ്റൊന്നും അവശേഷിക്കുകയില്ല. അതുകൊണ്ട് എന്റെ അഭിപ്രായം പരിഗണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ദേവസ്സിക്കുട്ടി ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഈ ബില്ലിൽ ആയുധങ്ങളെക്കുറിച്ചു പറയുന്നിടത്ത് സ്റ്റിക്ക്, ലാത്തി, ദണ്ഡ് എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഒന്നോരണ്ടോ ആളുകൾ വടിയും കൊണ്ടു വഴിയേനടന്നാൽ അവരെ അറസ്റ്റ് ചെയ്യും എന്നൊക്കെ വ്യാഖ്യാനിക്കുന്നതു ശരിയല്ല. എല്ലാ നിയമങ്ങൾക്കും ഡെഫനിഷൻ ഉണ്ട്. അതൊക്കെ വ്യാഖ്യാനിക്കുന്നതു കോടതിയും നിയമപരിപാലകരുമാണ്. ഒന്നോ രണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും വാക്കിംഗ് സ്റ്റിക്കുമായി വഴിയേ നടന്നുപോയാൽ അവരെ ഈ നിയമത്തിന്റെ നിർവചനത്തിലുൾപ്പെടുത്തി അറസ്റ്റുചെയ്യുമെന്നു പറയുന്നതിൽ അർത്ഥമില്ല. മാസ്ഡ്രില്ലിന് ഇത്ര ആളുകളിൽ കുറയാൻപാടില്ലെന്നുള്ള വ്യവസ്ഥ ആവശ്യമാണ്. അതുകൊണ്ടു ആ നിലയിലുള്ള ഒരു നിബന്ധനകൂടി എഴുതിച്ചേർത്തുവേണം പാസ്സാക്കാൻ. സർ, ഈ ബില്ലിനു പ്രചോദനം നൽകാനുള്ള കാര്യത്തെക്കുറിച്ചു ഞാൻ നേരത്തേ പറഞ്ഞു. രണ്ടുരണ്ടര വർഷക്കാലമായി ഇൻഡ്യയിലെ വിവിധഭാഗങ്ങളിൽ ആർ.എസ്.എസ്.-ന്റെ കേന്ദ്രീകരണവും രാഷ്ട്രീയമായ പകപോക്കലും രാഷ്ട്രീയാധികാരം കൈയടക്കാനുള്ള വ്യഗ്രതയും കണ്ടുതുടങ്ങിയിട്ടുണ്ട്. ജനതാഗവൺമെന്റ് അതിനുള്ള എല്ലാ സംരക്ഷണവും കൊടുത്തു. ആ സ്ഥിതിക്കു മാറ്റമുണ്ടാകണമെന്നു ആ പാർട്ടിയിൽപ്പെട്ട ആളുകൾതന്നെ ആഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് കേന്ദ്രമന്ത്രിസഭ നിലംപതിച്ചത്. ആർ.എസ്.എസ്. എന്നുപറയുന്ന ശക്തി നമ്മുടെ രാജ്യത്തെ ജനങ്ങൾക്കും ന്യൂനപക്ഷത്തിനും എതിരായി നീങ്ങുന്നു എന്ന ബോധ്യം വളരെ വൈകിയാണെങ്കിലും, ജനതാപാർട്ടിയിലെ കുറെ ആളുകൾക്കെങ്കിലും ഉണ്ടായതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. അരുണാചൽപ്രദേശിലെ പള്ളികളും മറ്റും നശിപ്പിച്ചപ്പോൾ ആർ.എസ്.എസ്.—നെപ്പോലെയുള്ള പല സംഘടനകളുടെയും നീക്കത്തിനെതിരായി പലരും സംസാരിച്ചു. പക്ഷേ അന്നും ഭരണകൂടം ഇവരെ സംരക്ഷിക്കാനും പ്രോൽസാഹനം നൽകാനുംവരെ തയ്യാറായി എന്നത് ഈ അടുത്തകാലത്താണ് നമുക്ക് മനസിലാക്കാൻ സാധിച്ചത്. അന്നു കേന്ദ്രത്തിലിരുന്ന മന്ത്രിമാർവരെ അതിനു സംരക്ഷണം കൊടുത്തു എന്നാണറിയാൻ കഴിഞ്ഞത്. വളരെ വൈകിയാണെങ്കിലും ജനതാ ഗവൺമെൻറിന്റെ തെറ്റായ ഈ നടപടിയെ ചോദ്യംചെയ്തുകൊണ്ട് ആ പാർട്ടിയിലെതന്നെ ആളുകൾ അതിനെതിരായി നീങ്ങി. കൂട്ടത്തിലുണ്ടായ, വളരെ വേദനയുളവാക്കുന്ന ഒരു സംഭവത്തെക്കുറിച്ചുകൂടി പറയട്ടെ. നമ്മുടെ സംസ്ഥാനത്തുനിന്നും ഇരുപത് (20) എം. പി. മാരാണ് ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടത്. കേന്ദ്രഭരണകൂടത്തിൽ സ്തംഭനമുണ്ടായപ്പോൾ അതെങ്ങനെ പരിഹരിക്കാമെന്നു ശങ്കിച്ച് പല ആളുകളും നടന്നു. സർ, കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഞങ്ങളുടെയുംകൂടെ വോട്ടുകൾ വാങ്ങിക്കൊണ്ട് പാർലമെൻറിൽ എം. പി. മാരായി പോയ രണ്ടു വ്യക്തികൾ (ജോർജ് മാത്യുവും സ്കറിയാമാത്യുവും) ഈ ആർ.എസ്.എസ്. ജനസംഘം കൂട്ടുകെട്ടിനു പിൻതുണ നൽകിയെന്നു പറഞ്ഞാൽ ഒരിക്കലും കേരളത്തിലെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളുകൾ അവരെ അംഗീകരിക്കുമെന്നു തോന്നുന്നില്ല. അവർ ചെയ്തത് അവർക്കു വോട്ടുനൽകിയ ആളുകളോടു കാണിച്ച ക്രൂരമായ വാഗ്ദാനലംഘനമാണ്. അത്തരമൊരു സമീപനം സ്വീകരിച്ച ആളുകളെ നിലയ്ക്കുനിറുത്താൻ ഈ രാജ്യത്തെ ജനങ്ങൾ തയ്യാറാകുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ നിയമസഭയിലെ മുഴുവൻ അംഗങ്ങളും എം. പി. മാരുമൊക്കെ ആർ.എസ്.എസ്.-നെതിരായി നീങ്ങേണ്ടതുണ്ട്. സർ, ഇത്തരത്തിലുള്ള ഒരു നിയമം ഇവിടെ കൊണ്ടുവന്നതിൽ എനിക്കഭിമാനമുണ്ട് സർ. എന്തെന്നാൽ ഇൻഡ്യയിലാദ്യമായാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കപ്പെടുന്നത്. ഇതിൽ ഡിഫൈൻ ചെയ്തിരിക്കുന്ന കാര്യത്തെക്കുറിച്ചെല്ലാം അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഇൻഡ്യയ്ക്കു മാതൃക കാണിച്ചുകൊണ്ട് ഇത്തരമൊരു ബിൽ കൊണ്ടുവന്നിരിക്കുന്ന ഗവൺമെൻറിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. മറ്റുചില സംസ്ഥാനങ്ങളിലൊക്കെ എക്സിക്യൂട്ടീവ് ഓർഡറുകൾ ഉണ്ടായിട്ടുണ്ടെങ്കിലും നിയമമുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവന്ന് ഇവിടത്തെ ജനങ്ങളെ സംരക്ഷിക്കാൻ ഗവൺമെൻറ് തയ്യാറാകുമ്പോഴും ഈ ഗവൺമെൻറിൻെറതന്നെ പങ്കാളികളായ ജോർജ്മാത്യുവും സ്ക്കറിയാമാത്യുവും കേന്ദ്രത്തിൻെറ പിന്നാലേ പോയി എന്നു പറയുന്നതിൽ എനിക്കു ലജ്ജയുണ്ട്. ആർ.എസ്.എസ്. നമ്മുടെ സമൂഹത്തിലെ ജനങ്ങൾക്ക് ഉപകാരംചെയ്യുന്ന ഒരു സംഘടനയാണെന്നു ചിത്രീകരിക്കാനുള്ള ചില സംരംഭങ്ങളൊക്കെ ഇവിടെ നടക്കുന്നുണ്ട്. മോർബിയിലുണ്ടായ ദുരന്തത്തിൽ അവർ വളരെയേറെ സഹായം ചെയ്തു എന്ന് ചില പത്രങ്ങളിലും വാരികകളിലുമൊക്കെ വായിക്കാൻ സാധിച്ചു. പട്ടാളവും പോലീസും മടിച്ചുനിന്ന സാഹചര്യത്തിൽ ഇവർ മുന്നോട്ടുവന്നു ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നടത്തിയെന്നാണ് പറയുന്നത്. സർ, ഇതൊക്കെ വെറും മുഖംമൂടിയാണ്. അവരുടെ മുഖംമൂടിക്കുള്ളിൽ കാണുന്ന യഥാർത്ഥചിത്രം മനസ്സിലാക്കാനുള്ളഅവസരം നമുക്കുണ്ടായിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ് ഈ നിയമം നടപ്പിലാക്കാനാവശ്യമായ അധികാരങ്ങൾകൂടി കൊടുക്കണം. അല്ലെങ്കിൽ യാതൊരു ഫലവും ലഭിക്കുകയില്ല. സർ, ഇവിടെ പബ്ലിക് പ്രോപ്പർട്ടി നശിപ്പിക്കുന്നതു തടയുന്നതിനു വേണ്ടി ഒരു ബിൽ കൊണ്ടുവന്നു. അതുപാസായി; അവസാനമിപ്പോൾ ഓടുമാത്രമായി അവശേഷിച്ചിരിക്കുകയാണ്. അതുപോലെ ഇതും സത്തെല്ലാം ഊറ്റിയെടുത്ത ഒരു നിയമമായി അവശേഷിക്കാനിടവരരുത്. രാഷ്ട്രീയമായ ദുരുപയോഗം നടക്കുമോ ഇല്ലയോ എന്നുള്ളതൊക്കെ നിശ്ചയിക്കേണ്ടത് കാലാകാലങ്ങളിൽ രാജ്യം ഭരിക്കുന്ന ഭരണാധികാരികളാണ്. ഭരണാധികാരികൾക്കു വിവേചനബുദ്ധിയുണ്ടായിരിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. അതുകൊണ്ട് 57–എ–യിൽ this shall be a cognisable offence എന്നുകൂടി എഴുതിച്ചേർത്താൽ ഇതു ഫലപ്രദമായിരിക്കും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. സി. പി. ഗോവിന്ദൻനമ്പ്യാർ: സർ, ഞാൻ ഈ ബില്ലിനെ ഹൃദയംഗമമായി സ്വാഗതം ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ വളരെ ശാന്തശീലരും സമാധാനപ്രിയരും ആണ്. ന്യൂനപക്ഷങ്ങളായ എല്ലാ വിഭാഗത്തെയും ഏകോപിപ്പിച്ചുകൊണ്ട് പോകുന്ന സൗഹൃദമായ സംസ്ക്കാരമാണ് ഇവിടത്തെ ജനതക്ക് ഉള്ളത്. ഈ സമാധാനത്തെയും ഈ സംസ്ക്കാരത്തെയും ഇല്ലായ്മ ചെയ്യുന്നതിന് പലേ സംഘടനകളും പലേ സ്ഥലങ്ങളിൽവച്ചും സ്വകാര്യമായും പരസ്യമായും സൈനിക പരിശീലനം നടത്തുന്ന സമ്പ്രദായം ഇന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്. ഇതു പല പ്പോഴും നമ്മുടെ സമുദായങ്ങളെ തമ്മിലടിപ്പിക്കുന്നതിനുള്ള ഏർപ്പാടായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളത് പല സ്ഥലങ്ങളിൽ നടക്കുന്ന സംഭവങ്ങളും സംഘട്ടനങ്ങളും നോക്കിയാൽ നമുക്ക് കാണാൻ കഴിയും. ആർ.എസ്.എസ്. ആയുധപരിശീലനം നടത്തുന്നു. ഇൻഡ്യയിൽ അടുത്ത് ഭരണം പിടിച്ചെടുക്കുമെന്ന് ആർ.എസ്.എസ്-ൻെറ നേതാവ് ചെയ്ത പ്രസ്താവന ഓർക്കുന്നതു നന്നായിരിക്കും. ഇങ്ങനെയുള്ള സംഘടനകൾ ഒരു ഭാഗത്തു പ്രവർത്തിക്കുമ്പോൾത്തന്നെ മതന്യൂനപക്ഷങ്ങളായ മറ്റു സമുദായങ്ങൾ ആത്മരക്ഷാർത്ഥം ആയുധപരിശീലനം നേടാൻ ശ്രമിക്കുന്നുവെന്നത് വസ്തുതയാണ്. അതുപോലെതന്നെ പലേ സംഘടനകളും ഇതിനെതിരായി സമുദായത്തെ ശക്തിപ്പെടുത്തുന്നതിന് ഉള്ള സമ്പ്രദായങ്ങൾ സ്വീകരിച്ചുവരികയാണ്. ഇതിനെ നേരിടുന്നതിന് 1960-ലെ നിയമമനുസരിച്ച് ഗവൺമെൻറിനു അധികാരമില്ല എന്നതാണ് വസ്തുത.

1 P.M.

LIBRARY ARCHIVES Kerala Legislative Assembly

ഈ അധികാരം നൽകുന്നതിനുവേണ്ടിയും ഇത്തരത്തിലുള്ള പരിശീലനം തടയുന്നതിനുവേണ്ടിയുമാണ് ഈ ഭേദഗതി ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ളത്. എന്റെ സ്നേഹിതൻ ദേവസ്സിക്കുട്ടി ചില വ്യാഖ്യാനങ്ങളും നടത്തി എന്നുള്ളതു വസ്തുതയാണ്. ഏതു നിയമം കൊണ്ടുവന്നാലും അദ്ദേഹം ചില ദുർവ്യാഖ്യാനങ്ങളും നടത്തും; സ്വാഭാവികമായും ഗവൺമെൻറു നൽകുന്ന ഓർഡറിനെക്കുറിച്ച് പറഞ്ഞു. ഉദാഹരണത്തിന് ഒരു പ്രത്യേക സ്ഥലത്ത് ഒരു സംഭവവികാസമുണ്ടായി. ഗവൺമെൻറിന് ഉടനെ ഓറലായി ഓർഡർ കൊടുക്കാൻ കഴിയും. റിട്ടൺ ഓർഡർ ആകുമ്പോൾ താമസിക്കും. അതുകൊണ്ടാണ് ഓർഡർ എന്ന വാക്ക് എഴുതിച്ചേർത്തത്. അതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകുകയില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു ചോദ്യം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, ഞാൻ വഴങ്ങുന്നില്ല. എന്തു കൊണ്ടുവന്നാലും ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി അതു വളച്ചൊടിക്കും. വളച്ചൊടിക്കാനുള്ള സാമർത്ഥ്യം അദ്ദേഹത്തിനുണ്ട്. ഇതൊരു ദുർവ്യാഖ്യാനമാണ്. അതുകൊണ്ടു ഇത്തരം നിയമങ്ങളും ജനങ്ങളുടെ പൊതുജീവിതത്തിൽ സമാധാനം കാത്തുരക്ഷിക്കുന്നുവെന്നതുകൊണ്ട് ഞാൻ ഇതിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുകയാണ്. സർ, വളരെ ശ്രദ്ധേയമായ ഒരു രാഷ്ട്രീയ സാഹചര്യം നമ്മുടെ രാജ്യത്ത് ഉരുത്തിരിഞ്ഞു വരുന്ന കാലഘട്ടത്തിലാണ് കേരള നിയമസഭ ഈ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെപോലും അപകടപ്പെടുത്തുന്ന നിലയിൽ വളർന്നുവരുന്ന വർഗ്ഗീയ ശക്തികളെ കർശനമായി തടയുന്നതിനു വേണ്ടി ഒരു ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. ഈ നിയമനിർമ്മാണം കൊണ്ടുമാത്രം, നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെ അപകടപ്പെടുത്തത്തക്കനിലയിൽ ഇന്നു വളർന്നുവന്നുകൊണ്ടിരിക്കുന്ന ഈ വർഗ്ഗീയ ശക്തിയെ, പൂർണ്ണമായും നിയന്ത്രിക്കാൻ കഴിയുമെന്ന് എനിക്കു അഭിപ്രായം ഇല്ല. നമ്മെ സംബന്ധിച്ചിടത്തോളം ഇത്തരം ശക്തികളെ പൂർണ്ണമായും നിയന്ത്രിക്കണമെന്നുണ്ടെങ്കിൽ ഇൻഡ്യയിലെ എല്ലാ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, എല്ലാ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളും യോജിച്ചുനിന്നുകൊണ്ട് രാഷ്ട്രീയമായി നേരിടേണ്ടിയിരിക്കുന്നു. ആ മുന്നണിക്കു മാത്രമെ ഈ രാജ്യത്ത് വളർന്നുവരുന്ന ഈ വർഗ്ഗീയ ശക്തികളെ നേരിടാൻ കഴിയൂ എന്നുള്ളതാണ് എനിക്കു വ്യക്തമായും ചൂണ്ടിക്കാണിക്കാൻ ഉള്ളത്. സർ, ഇന്നു തൊഴിലാളി പ്രസ്ഥാനങ്ങൾക്കു കൂടുതൽ സ്വാധീനമുള്ള പ്രദേശങ്ങളിൽപ്പോലും ജനസംഘത്തിന്റെയും ആർ.എസ്.എസിന്റെയും ആയുധപരിശീലനവും റൂട്ടുമാർച്ചുകളും നടന്നുവരികയാണ്. നമ്മുടെ ഈ സംസ്ഥാനത്തുപോലും നമുക്കു മനസ്സിലാക്കാൻ കഴിയുന്നതു പരിശീലനം കിട്ടിയ അറുപതിനായിരത്തോളം ആർ.എസ്.എസുകാർ ഉണ്ടെന്നാണ്. അതിന്റെ പ്രത്യാഘാതങ്ങളിലേക്കൊന്നും ദീർഘമായി കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ സൂചിപ്പിക്കുന്നത് തൊഴിലാളി പ്രസ്ഥാനങ്ങൾക്കു സ്വാധീനമുള്ള പ്രദേശങ്ങളിൽപോലും ആർ.എസ്.എസിന്റെ ശക്തി വളർന്നുവരികയാണ്. ആർ.എസ്.എസിന്റെ ഉദ്ദേശലക്ഷ്യം എന്താണെന്നുള്ളതിനെ സംബന്ധിച്ച് കൂടുതൽ വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല. ആർ.എസ്.എസിന്റെ നേതാവ് ബാലാസാഹബ് ദേവരസ് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രസ്താവനയിൽ സൂചിപ്പിക്കുന്നുണ്ട്. പത്തുവർഷങ്ങൾക്കകം ഇൻഡ്യയുടെ ഭരണാധികാരം പിടിച്ചെടുക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് അതിന്റെ പരിശീലനവും ട്രെയിനിംഗും ഒക്കെ നടത്തുന്നത് എന്ന് ആ പ്രസ്താവനയിൽനിന്നു മനസ്സിലാക്കാൻ കഴിയും. ഈ നിയമനിർമ്മാണം ഒന്നുകൊണ്ടുമാത്രമായി ഈ ഇൻഡ്യാരാജ്യത്താകമാനം വളർന്നുവരുന്ന ഇത്തരം ശക്തികളെ നേരിടാൻ കഴിയുകയില്ലായെന്ന വസ്തുത ഈ നാട്ടിലെ എല്ലാ പുരോഗമന പ്രസ്ഥാനങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളും ആലോചിക്കണമെന്നാണ് എനിക്കു ആത്മാർത്ഥമായി ചൂണ്ടിക്കാണിക്കാനുള്ളത്. 1977-നു ശേഷം ഇൻഡ്യയിൽ ജനതാപാർട്ടി അധികാരത്തിൽ വന്നതിനുശേഷമുള്ള മുപ്പത്തുമാസക്കാലത്തെ ചരിത്രം പരിശോധിച്ചുകഴിഞ്ഞാൽ ആർ.എസ്.എസിന്റെ അതിരുകടന്ന സ്വാധീനം മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിൽ ഹരിജനങ്ങൾക്കും, തൊഴിലാളികർഷകർക്കും എതിരായി നടത്തിയ ആക്രമണങ്ങൾ മനസ്സിലാക്കാൻ കഴിയും. അലിഗറിലും ജംഷഡ്പൂരിലും നടന്ന സാമുദായിക ലഹളകളിൽ എത്രമാത്രം ജനസംഘവും ആർ.എസ്.എസ്സും നേതൃത്വം കൊടുത്തിട്ടുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ന് ഒരു ശ്രദ്ധേയമായ കാലഘട്ടമാണ്. ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിനുശേഷം രാജ്യം ഏറ്റവും വലിയ പ്രതിസന്ധിയെ നേരിടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ഏകാധിപത്യ ശക്തികളും വർഗ്ഗീയ ശക്തികളും ശക്തിയാർജ്ജിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് തൊഴിലാളി പ്രസ്ഥാനങ്ങൾ യോജിക്കുകയും ഇൻഡ്യാരാജ്യത്ത് വളർന്നുകൊണ്ടിരിക്കുന്ന ഈ വർഗ്ഗീയ ശക്തികളെ നേരിടുകയും ചെയ്യേണ്ടത് ഒരാവശ്യമായിത്തീർന്നിരിക്കുകയാണ്. സർ, ഇൻഡ്യയുടെ രാഷ്ട്രീയഭാവി നിശ്ചയിക്കാൻ പോകുന്ന ലോകസഭ തെരഞ്ഞെടുപ്പു നടക്കാൻ പോകുകയാണ്. ആ തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട കക്ഷിബന്ധങ്ങളെ സംബന്ധിച്ചും ചർച്ചകൾ നടന്നുവരികയാണ്. ഇന്ന് ഇതിനകം ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ആർ.എസ്.എസ്സും ജനസംഘവും നേതൃത്വം കൊടുക്കുന്ന ജനതാപാർട്ടിയും ഇന്ദിരാഗാന്ധിയുടെ പാർട്ടിയും ആദ്യമായി കൂട്ടുകെട്ടുണ്ടാക്കിയിരിക്കുകയാണ്. വർഗ്ഗീയ–ഏകാധിപത്യശക്തികളെ ഫലപ്രദമായി നേരിടുന്നതിന് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും യോജിച്ച ഒരു മുന്നണി ഉണ്ടാക്കണമെന്നതാണ്. അത്തരം ഒരു മുന്നണിക്കുമാത്രമെ നമ്മുടെ രാജ്യത്തു വളർന്നുവരുന്ന ഈ വർഗ്ഗീയ ശക്തികളെ നേരിടാൻ കഴിയൂ. ആ സംഗതി മനസ്സിലാക്കിക്കൊണ്ട് എല്ലാ പ്രസ്ഥാനങ്ങളും യോജിക്കണമെന്നാണ് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. സർ, ഞാൻ ഈ ബില്ലിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയേയോ തത്വത്തെയോ ഒന്നും ഞാൻ എതിർക്കുന്നില്ല. ഞാൻ സ്വാഗതം ചെയ്യുകയാണ് ഈ ബില്ലിനെ. ചില ബഹുമാനപ്പെട്ട മെമ്പർമാർ ആശങ്ക പ്രകടിപ്പിച്ച കാര്യത്തിലാണ് എനിക്കു ചിലതു പറയാനുള്ളത്. ഈ ബിൽ നിയമമായി വന്നാൽത്തന്നെ ഈ നിയമംകൊണ്ടുദ്ദേശിക്കുന്ന കാര്യം ഫലപ്രദമായി ചെയ്യാൻ സാധിക്കുമോ എന്നാണ് എന്റെ സംശയം. ഗവൺമെന്റിനു ചില പ്രത്യേക പരിതഃസ്ഥിതികൾ സംബന്ധിച്ച്, ചില പ്രത്യേക ആക്രമവാസനകളെ സംബന്ധിച്ച്, ചില പ്രത്യേക ഘട്ടങ്ങളിൽ നിയമനിർമ്മാണം നടത്തേണ്ടിവരും. പക്ഷേ അങ്ങനെ നടത്തുന്ന നിയമ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം ഫലപ്രദമായി കൈകാര്യം ചെയ്യാൻ മതിയായ നിയമനിർമ്മാണമായിരിക്കണം. അല്ലാതെ ഒരു ഗാലറിക്കുവേണ്ടി ഒരു നിയമം കൊണ്ടുവരുന്നു എന്നു പറയുന്നത് അപഹാസ്യമാണ്. ഈ നിയമം ഉദ്ദേശിക്കുന്ന ഫലം ചെയ്യാൻ മതിയായ നിയമമല്ല. ചെയ്യാൻ ഉദ്ദേശമുണ്ടെങ്കിൽ ശ്രീ. ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെയുള്ള അപാകതകൾ പരിഹരിക്കണം. മാസ്ഡ്രിൽ എന്നു പറയുന്നു. എങ്ങനെയുള്ള മാസ്ഡ്രിൽ, അതൊന്നു ഡിഫൈൻ ചെയ്യണം. വ്യക്തതയുള്ള നിയമം കൊണ്ടുവരാൻ സന്മനസ്സ് കാട്ടണം.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ഒരഭിഭാഷകനല്ലേ; മാസ് എന്നതിന് എന്തായിരിക്കണം ഡെഫനിഷൻ എന്നുകൂടി പറയാമോ?

ശ്രീ. എം. പി. ഗംഗാധരൻ: അതാണു ഞാൻ പറഞ്ഞത്. അൺലാഫുൾ അസംബ്ലി ഉണ്ട്. എല്ലാ കാര്യങ്ങളും ഡിഫൈൻ ചെയ്യണം. അല്ലെങ്കിൽ ഒരു നിയമവും നിലനിൽക്കുകയില്ല. അഭിഭാഷകൻകൂടിയായ ശ്രീ. അഹമ്മദിനു ഞാൻ മനസ്സിലാക്കിത്തരേണ്ട ആവശ്യമില്ല. ഇതു വാസ്തവത്തിൽ വേണ്ടതാണ്. പക്ഷേ ഇത്രയും അവ്യക്തമായ നിയമം പോര.

സർ, ഇതു പറയുമ്പോൾ ചില രസകരമായ സംഭവവികാസങ്ങൾ നടന്നിരിക്കുന്നതാണ് എനിക്കു് ഓർമ്മ വരുന്നത്. വർഗ്ഗീയത്തോട് എതിര്— അത് എത്ര കക്ഷികൾക്കാണ്: ശ്രീ. താമരാക്ഷൻ വരെ! ന്യൂനപക്ഷത്തോടു സ്നേഹം! ശ്രീ. രാഘവന്റെ പ്രസംഗം കേട്ടാൽ, തലശ്ശേരി സംഭവത്തോടുകൂടി ആ ന്യൂനപക്ഷസ്നേഹം പ്രവഹിച്ച് ഓളംവെട്ടി ഒഴുകുകയാണ്. അതു കണ്ടപ്പോൾ എനിക്കു എന്തൊക്കെയോ തോന്നിപ്പോയി. ന്യൂനപക്ഷസമുദായങ്ങളുടെ വീട്ടിൽ പോയി ലൂട്ടുചെയ്തിട്ട് അവരെ അറുത്തുമുറിക്കാൻ ശ്രമിച്ച കാപാലികന്മാരുടെകൂടെ തങ്ങളുടെ പാർട്ടിയിലെ ആളുകൾ ഒലിച്ചുപോയി എന്നു പറഞ്ഞ നമ്പൂതിരിപ്പാടിന്റെ അനുയായികൾ ഇപ്പോൾ പറയുകയാണ് ന്യൂനപക്ഷത്തോടു സ്നേഹം! എവിടെയാണ് ന്യൂനപക്ഷത്തോടു സ്നേഹവും വർഗ്ഗീയത്തോട് എതിർപ്പും?

(തടസ്സം)

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ഈ ബില്ലിന്റെ ചർച്ചയാവണം.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഞാൻ രാഷ്ട്രീയത്തിലേക്കു കടക്കുന്നില്ല. നമ്പൂതിരിപ്പാട് അടക്കം ഈ വർഗ്ഗീയക്കാരുടെ ട്രെയിൻഡ് വാളണ്ടിയർമാരുടെ വോട്ടു മേടിച്ച് ഇവിടെ ഇരുന്നു. എന്നിട്ടു വാജ്പേയി പറഞ്ഞു നമ്പർ വൺ ശത്രു അവരാണെന്ന്. അപ്പോൾ നിങ്ങൾക്കു വർഗ്ഗീയം വേണ്ട. നമ്പർ വൺ ശത്രു മാർക്സിസ്റ്റ് പാർട്ടിയാണെന്നു വാജ്പേയി പറഞ്ഞപ്പോൾ ബോധോദയമുണ്ടായി. ഏതായാലും അത് അവിടെത്തന്നെ വച്ചേക്കണം; അതു നമുക്കു പിന്നീടു സംസാരിക്കാം. നിങ്ങളുടെകൂടെ കൂടുന്ന ഏതാനും ആളുകളോടുകൂടി സമാധാനിച്ച് അന്യോന്യം കിടന്നു ഉറങ്ങിക്കൊള്ളുക. അതിനെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. ഈ നിയമത്തിൽ അപാകതകളുണ്ടെന്ന് സവിസ്തരം ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞു. ഇതിനു മുൻപു നിയമമുണ്ടായിട്ടില്ലേ? ഞാൻ ഈ നിയമത്തെ സ്വാഗതം ചെയ്തുകൊണ്ടു തന്നെ പോദ്ഘാടനം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുകയല്ല. ഇതിലും കഠിനമായ നിയമംവേണം. അക്രമവും അനീതിയും ഇല്ലായ്മ ചെയ്യണം. അതിൽ വിശ്വസിക്കുന്നവനാണ് ഞാൻ. സർ, വളരെ വളരെ ഡിഫൈൻചെയ്ത ഒരു നിയമമുണ്ട്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് 144-ാം വകുപ്പ് ബഹുമാന്യനായ മന്ത്രി ഒന്നു വായിച്ചുനോക്കണം. എത്ര ഡിഫൈൻഡ് ആയിട്ടാണ്. നിങ്ങളുടെ ഓബ്ജെക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുണ്ടല്ലോ there is no law available in the land at present എന്ന്. ലാ ഇല്ലാഞ്ഞിട്ടാണോ? ഇല്ലാഞ്ഞിട്ടല്ല. ഞാൻ വായിക്കാം. ഇതു വായിച്ചു നോക്കാതെ there is no law available in the land at present എന്നു പറയരുത്:

In order under this section may be directed to a particular individual or to persons residing in a particular place or area, or to the public generally, when frequenting or visiting a particular place or area:

Provided that if the State Government considers it necessary so to do for preventing danger to human life, health or safety for preventing a riot or any affray, it may, by notification direct that an order made by a Magistrate under this section shall remain in force for such further period not exceeding six months''.

എല്ലാം വ്യക്തമായി ഡിഫൈൻ ചെയ്തിട്ടുണ്ട്. ഇതിനപ്പുറം എന്താണ് വേണ്ടത്? പക്ഷേ ഇതിൽ രണ്ടു മാസം, നിങ്ങളുടെ നിയമത്തിൽ 3 മാസം. അതേസമയം ഈ നിയമത്തിൽത്തന്നെ പറയുന്നു; ഇങ്ങനെയൊരു ആർഡർ കൊടുത്ത സ്ഥിതിക്ക് രണ്ടുമാസം കഴിഞ്ഞു പിന്നെയും അതു തുടർന്നാൽ, നിങ്ങളുടെ 2-ാം വകുപ്പിൽ പറഞ്ഞതുപോലെതന്നെ ഈ നിയമത്തിലും ആറു മാസംവരെ കൊടുക്കാനുള്ള അധികാരം വച്ചിട്ടുണ്ട്. ആ അധികാരം വച്ചു കൊണ്ടാണ് നിയമം പാസാക്കിയത്. എത്ര കൊല്ലത്തിനു മുമ്പ് എന്നറിയാമോ? എന്നിട്ട് ഇത്രയുംകാലം അനുഭവജ്ഞാനത്തിൽക്കൂടി വളർന്നു വന്നിട്ടും അലപംപോലും അതിനേറെയൊരു പാർശ്വഭാഗംപോലും തൊടാൻ കഴിയാത്ത ഒരു നിയമം ഉണ്ടാക്കാൻ നിങ്ങളം തുനിഞ്ഞപ്പോഴാണ് നിങ്ങളുടെ ആത്മാർത്ഥതയെ എനിക്കു ചോദ്യം ചെയ്യേണ്ടിവന്നത്.

അതുമാത്രമല്ല സർ.

''Such a Magistrate may, by a written order stating the material facts of the case and served in a manner provided by section 134, direct any person to abstain from a certain act or to take certain order with certain property in his possession or under his management, if such Magistrate considers that such direction is likely to prevent, or tends to, prevent, obstruction, annoyance or injury, or risk of obstruction, annoyance or injury, to any person lawfully employed, or danger to human life, health or safety or a disturbance of the public tranquility or an affray.''

എന്നു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ ഇതൊക്കെ ഉണ്ടായിരുന്നാലും ഈ രാജ്യത്ത് അക്രമങ്ങളും അഴിമതികളും അപകടങ്ങളുമൊക്കെ നടക്കും. എന്റെ സുഹൃത്തു ശ്രീ. ദേവസിക്കുട്ടി മാർക്സിസ്റ്റ് പാർട്ടിയുടെ അക്രമങ്ങളെക്കുറിച്ചു പറഞ്ഞു. കഴിഞ്ഞകാലത്ത് അവർ അക്രമരാഷ്ട്രീയം കൈകാര്യം ചെയ്തതിനെക്കുറിച്ചു പറഞ്ഞു. ഞാൻ ആവർത്തിക്കുന്നില്ല. അക്രമം അവസാനിപ്പിക്കണം. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്വാഗതം ചെയ്യുന്നുവെന്നു പറഞ്ഞത്. പക്ഷേ ഫലവത്താകണം. സ്പെസിഫിക്കായിട്ടുള്ള ഒരു പർപ്പസിന് ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ഫലവത്താകണ്ടേ? ജനറലായിട്ടുള്ള നിയമങ്ങൾതന്നെ ഫലവത്തായി നടത്താൻ കഴിയാത്ത ആളുകൾ സ്പെസിഫിക്കായിട്ടുള്ള നിയമം പാസാക്കിയാൽ ഫലവത്തായിട്ടു നടത്താൻസാഹചര്യമില്ലാത്ത രീതിയിൽ ഇതുപോലുള്ള നിയമം കൊണ്ടുവന്നാലോ? അങ്ങനെ കൊണ്ടുവരുന്ന നിയമത്തെയാണ് ആക്ഷേപിക്കുന്നത്. അതു ശരിയല്ല. ശരിയായിട്ടു കൊണ്ടുവരൂ. ആവശ്യമാണ്. ഈ രാജ്യത്ത് അക്രമത്തെ നേരിടാൻ യോജിച്ചു മുന്നോട്ടു പോകണം. രാജ്യത്തെ വർഗ്ഗീയചിന്ത നിർമ്മാർജ്ജനം ചെയ്യാൻ നമ്മൾ ഒന്നിച്ചു യോജിച്ചു മുന്നോട്ടു പോകണം. ആ വർഗ്ഗീയ ശക്തികളെ അന്നും ഇന്നും എതിർത്തുപോന്ന ഏക രാഷ്ട്രീയ സംഘടനയാണു ഞങ്ങളുടെ പാർട്ടി. പക്ഷേ പലരും, അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഇക്കാര്യത്തിൽ എങ്ങനെയെല്ലാം ഉലക്കമേൽ കിടന്നു തിരിഞ്ഞു, മറിഞ്ഞു എന്നുള്ള രാഷ്ട്രീയചർച്ചയിലേക്കു ഞാനിപ്പോൾ ഈ വേദി ഉപയോഗിക്കുന്നില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ബീഹാറിൽ അതാണു കണ്ടത്.

ശ്രീ. എം. പി. ഗംഗാധരൻ: ആലത്തൂർവരെ കണ്ടു കുഞ്ഞിക്കണ്ണാ! മലമ്പുഴയിൽ കണ്ടു. ഇല്ലേ? ചുവന്ന ട്രൗസറിട്ട വാളണ്ടിയർവന്നു വോട്ടു ചെയ്യാൻവേണ്ടി പിച്ചയാചിച്ചില്ലേ മലമ്പുഴയിൽ? അതിനെക്കുറിച്ചു നമ്മൾ പറയണ്ട. എന്തായാലും അടുത്ത പ്രാവശ്യം അവർ കാത്തിരിക്കുന്നുണ്ട്. അപ്പോൾ നോക്കിയാൽമതി. ഈ നിയമത്തെ സംബന്ധിച്ച് പറഞ്ഞാൽ അതു വളരെ അവ്യക്തമാണ്. വളരെ അസ്പഷ്ടമാണ്. ഉദ്ദേശിച്ച ഫലത്തിന്റെ ഒരു കൊമ്പുപോലും തൊടാൻ കഴിയാത്തതാണ്. വളരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയത്തക്കവണ്ണമുള്ള വകുപ്പുകൾ കോഡിഫൈ ചെയ്ത് നിയമം കൊണ്ടുവരണം. ഏത് അക്രമരാഷ്ട്രീയമായാലും ശരി, സാമൂഹ്യദ്രോഹമായാലും ശരി അതിനെ ഇല്ലാതാക്കാൻതക്ക നിയമം കൊണ്ടുവരാൻ ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഈ ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ ഇത്തരം ഒരു നിയമനിർമ്മാണത്തിന് രൂപം നൽകുന്ന സാഹചര്യത്തെപറ്റി ഓർക്കാതെ സംസാരിക്കുവാൻ സാദ്ധ്യമല്ല. ഈ നിയമത്തിനുള്ളിൽനിന്നുതന്നെ സംസാരിക്കണമെന്നുവന്നാൽ, അത് ഈ ബിൽകൊണ്ടുദ്ദേശിക്കുന്ന ഉദ്ദേശശുദ്ധിയെ വ്യക്തമാക്കുവാൻ കഴിയുകയില്ലാ എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അല്പം ചില കാര്യങ്ങൾകൂടി പറയുവാൻ അങ്ങ് ദയവായി അനുവദിക്കണം.

ഏതു നിയമനിർമ്മാണത്തിന്റെ കാര്യത്തിലും തലനാരിഴ കീറുന്ന അഭിപ്രായ വ്യത്യാസങ്ങൾ സൂചിപ്പിക്കുവാൻ കഴിയും. ബില്ലിനെ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ശ്രീ. ദേവസ്സിക്കുട്ടി സംസാരിക്കുന്നതു കേട്ടപ്പോൾ, അദ്ദേഹം ഉന്നയിച്ച വാദഗതികൾ ഈ ബില്ലിനെ പരാജയപ്പെടുത്തുവാൻ വേണ്ടിയായിരുന്നില്ലേയെന്ന് സംശയമുണ്ട്. നമ്മുടെ രാജ്യത്ത് എല്ലാ നിയമങ്ങളെപ്പറ്റിയും കോടതികൾ ചർച്ച ചെയ്യാറുണ്ട്; എന്നിട്ട് ആ നിയമങ്ങളെപറ്റി വ്യാഖ്യാനങ്ങൾ എഴുതിച്ചേർക്കുകയും ചെയ്യാറുണ്ട്. അതൊക്കെയാണ് പിൽക്കാലത്ത് കീഴ്ക്കോടതിയായാലും മറ്റ് കോടതികളായാലും അംഗീകരിച്ചുകൊണ്ട് തീരുമാനം എടുക്കാറുള്ളത് ''നെയ്യ്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ആയാൽ അപ്പം ചീത്തയാവുകയില്ലായെന്നുള്ള' വാദഗതി അംഗീകരിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്; ഏതെങ്കിലും ഒരുവാക്കിന് വ്യക്തമായ ഡഫനിഷൻ ഇല്ലാത്തതുകൊണ്ട് ഈ നിയമത്തിൽ പോരായ്മയുണ്ട്, ഈ നിയമം നിലനിൽക്കുകയില്ലായെന്നുള്ള വാദഗതിയോട് എനിക്ക് യോജിപ്പ് ഇല്ല. പിന്നെ ആവശ്യമുണ്ടെന്നുണ്ടെങ്കിൽ ആ കാര്യത്തിൽ കൂടുതൽ വ്യക്തതയ്ക്കുവേണ്ടി ഡെഫിനിഷൻ ആകാം. അല്ലാതെ ഇത്തരത്തിലുള്ള സംസാരം ആരെ സഹായിക്കുവാനാണെന്ന് മനസ്സിലാകുന്നില്ല. ഇന്നത്തെ കാലഘട്ടത്തിൽ ഒരുപക്ഷേ കോൺഗ്രസ്സ് (ഐ) യെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു ആവശ്യകതയുണ്ടായിട്ടുണ്ടെങ്കിൽ അതിന് മറ്റാരേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. വരുന്ന തെരഞ്ഞെടുപ്പിൽ ജഗജ്ജീവൻറാമിനോടൊപ്പം നിൽക്കണമോ എന്നൊക്കെയുള്ള ആലോചന നടക്കുമ്പോഴും സ്വാഭാവികമായും ബഹു: ദേവസ്സിക്കുട്ടിയെ പോലെയുള്ള വരിൽനിന്നും ഇത്തരം അഭിപ്രായങ്ങൾ ഉയർന്നു വരുന്നതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. വർഗ്ഗീയതയെപ്പറ്റിയും മതേതരത്വത്തെപ്പറ്റിയും പറയുമ്പോഴും ഇവിടെ ആർ.എസ്സ്.എസ്സ്. എന്തിനുവേണ്ടിയാണ് നിലകൊള്ളുന്നത് എന്നുള്ളത് വിസ്മരിക്കുന്നത് ശരിയല്ല. ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ ആർ.എസ്സ്.എസ്സ്. നേതാവ് ശ്രീ. നാനാസാഹിബ് ദേവരശ് ഇൻഡ്യയുടെ രാഷ്ട്രീയ സാഹചര്യങ്ങളെപ്പറ്റി ആർക്കും സംശയം ഇല്ലാത്ത രീതിയിൽ പറഞ്ഞിരിക്കുന്നത്, അടുത്ത പത്തുകൊല്ലത്തിനുള്ളിൽ ഇൻഡ്യയുടെ ഭരണാധികാരം പിടിച്ചുപറ്റാൻ ആർ.എസ്സ്.എസ്സ്. തീരുമാനിച്ചിരിക്കുന്നുവെന്നാണ്. എന്നാൽ അതിനുശേഷം അദ്ദേഹം അത് നിഷേധിച്ചിട്ടുണ്ടാകും; കാരണം അതിനുവേണ്ട പ്രേരണ മറ്റാരെങ്കിലും ചെലത്തിയിട്ടുണ്ടാകാം എങ്കിൽപ്പോലും ഇൻഡ്യയിലെ രാഷ്ട്രീയ സാഹചര്യം അതിലേക്കാണ് വിരൽചൂണ്ടുന്നത് എന്നകാര്യം വിസ്മരിച്ചിട്ടു കാര്യമില്ല. ആർ.എസ്സ്.എസ്സിന്റെയും ജനസംഘത്തിന്റെയും ആക്രമണം മതന്യൂനപക്ഷങ്ങൾക്കെതിരെ മാത്രമാണ് നടന്നിട്ടുള്ളത് എന്നൊന്നും ഞാൻ കരുതുന്നില്ല. ഈ രാജ്യത്തെ സംഘടിത പ്രസ്ഥാനങ്ങളെ, പുരോഗമന പ്രസ്ഥാനങ്ങളെ, എല്ലാക്കാലത്തും എതിർക്കുവാൻ അവർ അറച്ചുനിന്നിട്ടില്ല, മടിച്ചുനിന്നിട്ടില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. ആർ.എസ്സ്.എസ്സ്.-ന്റെ വളർച്ച ഈ രാജ്യത്തെ ഏതെങ്കിലും ഒരു മതവിഭാഗത്തിനെതിരെയുള്ളതാണെന്നോ, അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രത്യേക ന്യൂനപക്ഷ വിഭാഗത്തിനെതിരേയുള്ളതാണെന്നോ ഞാൻ കരുതുന്നില്ല. ഇന്ന് നമ്മുടെ പത്രങ്ങളിൽ ദിവസേനവരുന്ന വാർത്തകളെ എന്താണ് സൂചിപ്പിക്കുന്നത്. ഈ രാജ്യത്തെ ഇടതുപക്ഷ പ്രവർത്തകരുടെ ജീവനു, എം.എൽ.എ. മാർ ആയാലും എം.പി. മാരായാലും അവരുടെ ജീവനു പോലും രക്ഷയില്ലാത്ത സാഹചര്യമാണ് വളർന്നുവരുന്നത്. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ വളരെവേഗം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് കള്ളത്തോക്കുനിർമ്മാണം. അതൊരു വലിയ വ്യവസായമായി വളർന്നുകൊണ്ടിരിക്കുകയാണ്. അതൊന്നും മനസ്സിലാക്കാതെ ഈ ബില്ലിലെ ഏതെങ്കിലുമൊരു വാക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബില്ലിനെ കുറ്റംപറഞ്ഞ് എതിർക്കുന്ന സമീപനം ശരിയല്ല. ഈ രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് എന്നും വിനാശമായിത്തീരുന്ന ഒന്നാണ് ജനസംഘം, ആർ.എസ്സ്.എസ്സ്. എന്നുള്ള കാര്യത്തിൽ തർക്കമില്ല.

നമ്മുടെ രാജ്യത്ത് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽവന്ന ജനതാപാർട്ടിക്ക് എന്താണ് സംഭവിച്ചത്? അവരിൽവളർന്നുവന്ന അക്രമവാസനയെ തടഞ്ഞിനിന്ന ആളുകൾക്കുപോലും പിന്നീട് അതിനെ തുണ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുവാൻ കഴിഞ്ഞില്ല. അതാണ് ജംഷഡ്പ്പൂരിലും അരുണാചലം തുടങ്ങിയ സംസ്ഥാനങ്ങളിലും നടന്നിട്ടുള്ള അക്രമവാസനകളും വിളിച്ചറിയിക്കുന്നത്. ആ രാഷ്ട്രീയ സാഹചര്യത്തിലാണ് ഈ ബില്ലിന് രൂപം നൽകുവാൻ സംസ്ഥാനഗവൺമെന്റ് തയ്യാറായത്.

സർ, ഈ ബില്ലിനെപ്പറ്റി ശ്രീ. ജേക്കബ് ഇവിടെ സംസാരിച്ചപ്പോൾ ചൂണ്ടിക്കാണിച്ച ഒരു കാര്യത്തെപ്പറ്റി തൊട്ട് പിറകെ സംസാരിച്ച കോൺ ഗ്രസ് (ഐ) നേതാവ് ശ്രീ. ഗംഗാധരൻ സംസാരിക്കുമെന്നാണ് ഞാൻ കരുതിയത്. ഒഫൻസിനെ സംബന്ധിച്ചിടത്തോളം അത് വാറണ്ടുകൂടാതെ അറസ്റ്റ് ചെയ്യാൻ കഴിയുന്ന ഒരു വ്യവസ്ഥയാക്കി മാറ്റുന്നതിനെപ്പറ്റിയുള്ള നിർദ്ദേശമാണ് ശ്രീ. ജേക്കബ് വച്ചത്. ശ്രീമാൻ ഗംഗാധരന് അതേപ്പറ്റി ഒന്നും പറയാനുണ്ടായിരുന്നില്ല. ശ്രീ. ജേക്കബ് ചൂണ്ടിക്കാണിച്ചതു പോലെ നമ്മുടെ രാജ്യത്തെ ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു നിയമമായിർമ്മാണം ആണിത്. അതിനെ ആ രീതിയിൽ കാണാൻ കഴിയുമോ ഇല്ലയോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഈ ബില്ലിലെ ഏതെങ്കിലും ഒരുവാക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബില്ലിനെ പരോക്ഷമായി എതിർക്കുന്ന സമീപനം ശരിയല്ല. ഈ രാജ്യത്ത എതിർക്കപ്പെടേണ്ട ആർ.എസ്.എസ്. തുടങ്ങിയ വർഗ്ഗീയ ശക്തികളെ എതിർക്കുന്നതിന് ഈ നിയമനിർമ്മാണം കൊണ്ടു മാത്രം കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, ഈ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ യോജിച്ചുനിന്നുകൊണ്ട് ഇത്തരം ഫ്യൂഡൽ ചിന്താഗതിവച്ചു പുലർത്തുന്ന പിന്തിരിപ്പൻ സ്വഭാവം വച്ചുപുലർത്തുന്ന പ്രസ്ഥാനങ്ങളെ രാഷ്ട്രീയമായിത്തന്നെ നേരിട്ടെ മതിയാകുവെന്നാണ്. ഈ രാജ്യത്ത് വളർന്നുവരേണ്ട ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ യോജിപ്പോടുകൂടി മാത്രമേ ഈ പ്രവണതയെ തകർക്കുവാനും പരാജയപ്പെടുത്തുവാനും കഴിയുവെന്നുള്ളതുകൊണ്ടാണ് ആ നല്ല കാര്യത്തെപ്പറ്റി ഗൗരവതരമായി ആലോചിക്കണമെന്ന് ഞാനും എന്റെ പാർട്ടിയും ആവശ്യപ്പെടുന്നത്. ഇത്തരം ഒരു രാഷ്ട്രീയ സാഹചര്യത്തിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന് അഖിലേന്ത്യാതലത്തിൽ തന്നെ കാര്യമായ പ്രസക്തിയുണ്ട്. ഇൻഡ്യയിലെ മറ്റു പല സംസ്ഥാനങ്ങൾക്കും പല കാര്യങ്ങളിലും മാതൃകകാണിച്ചുകൊടുക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. ആ നിലയ്ക്ക് ഒരിക്കൽക്കൂടി നമുക്ക് അഭിമാനിക്കുവാൻ കഴിയുന്ന ഒരു നിയമനിർമ്മാണമാണ് ഇത് എന്നാണ് എന്റെ അഭിപ്രായം. ശ്രീ. ജേക്കബ് പറഞ്ഞതുപോലെ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാവുന്ന രീതിയിൽ ആവശ്യമായ ഭേദഗതി ഈ നിയമത്തിൽ എഴുതിച്ചേർക്കണം. ബില്ലിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കുള്ള ഡെഫനിഷനിൽ പോരായ്മയുണ്ടെങ്കിൽ പിന്നാലെ അതിനാവശ്യമായ വ്യവസ്ഥകൂടി എഴുതിച്ചേർത്തുകൊണ്ട് ഈ ബിൽ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിലാക്കണമെന്നും ജനാധിപത്യപുരോഗമന വിഭാഗത്തിൽപ്പെടുന്ന എല്ലാ ആളുകളുടെയും പിന്തുണ ഈ കാര്യത്തിൽ ഉണ്ടാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

സഭ 1979 സെപ്റ്റംബർ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും കൂടുന്നതിലേക്കായി ഉച്ചയ്ക്ക് 1.30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly